# ദി ഡിഫൻഡർ

Vol. No. 8 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2005 JANUARY 1


## ശാരോനിലെ പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുന്നു

ശാരോന്റെ പ്രശ്നങ്ങൾ ഒരു പരിഹാരവും ഇല്ലാതെ തുടരുകയാണ്. പ്രശ്നങ്ങൾ പരിഹരിക്കാൻ നേതാക്കന്മാരുടെ ഭാഗത്തു നിന്നും ചെറിയ ശ്രമം പോലും ഉണ്ടാകുന്നില്ല എന്നതാണ് വസ്തുത.

എല്ലാ പ്രശ്നങ്ങളുടെയും പ്രതിഭാഗത്തു നിൽക്കുന്നത് നേതാക്കന്മാർ തന്നെയാണ്. ശാരോന്റെ കോടിക്കണക്കിന് സ്വത്തുക്കൾ മോഷ്ടിച്ച ടി.ജി. കോശിയാണ് പ്രസിഡന്റ്. മോഷണ കാര്യത്തിൽ തൊട്ടുപിന്നിലുള്ള ടി.പി.ഏബ്രഹാമാണ് മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി. മോഷണവും ദുർന്നടപ്പും തൊഴിലാക്കിയ പെണ്ണൂട്ടിയെന്ന കുഞ്ഞൂട്ടിയാണ് മറ്റൊരു വിദ്വാൻ. ഇവർക്കെല്ലാം ഹോശാന്ന പാടി അഷ്ടിക്കു വക കണ്ടെത്തുന്ന പി.ജി. ജേക്കബ് ആണ് മാനേജിംഗ് കൗൺസിൽ സെക്രട്ടറി. ഇവരൊക്കെയാണ് ശാരോ നിലെ കുഴപ്പക്കാർ. ഇവർ ശാരോന്റെ തലപ്പത്തു നിന്നും മാറാതെ ശാരോനിലെ പ്രശ്നങ്ങൾ തീരുകയില്ല. ചത്തു തീരുകയല്ലാതെ ഇവനൊന്നും സ്വയം ഒഴിഞ്ഞുപോകയുമില്ല. പിന്നെങ്ങനെ ശാരോനിലെ പ്രശ്നങ്ങൾ തീരും.

പെരുമ്പാവൂർ ശാരോൻ സഭയെ പ്രതിയാക്കി കഴിഞ്ഞ വർഷം ഈ നേതാക്കന്മാർ കള്ളകാവിയറ്റ് എടുത്തിരുന്നു. അത് വലിയ പ്രശ്നങ്ങൾക്ക് കാരണമായി. അതിനു പരിഹാരം ആവശ്യപ്പെട്ട് പെരുമ്പാവൂർ ശാരോൻ സഭ നൽകിയ പരാതിക്ക് ശാരോൻ കൺവെൻഷൻ കഴിഞ്ഞാൽ ഉടൻ പരിഹാരം ഉണ്ടാക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും അതും അവഗ ണിച്ച മട്ടാണ്. പക്ഷേ, മറുവശത്ത് പെരുമ്പാവൂർ ശാരോൻ ആയതുകൊണ്ട് ഈ നേതാക്കന്മാർക്ക് മനഃസമാധാനത്തോടെ കിടന്നുറങ്ങാൻ കഴിയുകയില്ല എന്നതാണ് സത്യം.

പാണംകുഴി സഭയിലുള്ള രണ്ടുപേരെ കരുവാക്കി അതീവ രഹസ്യമായി നടത്തിയ നീക്കവും പാളിയിരിക്കുക യാണ്. ആ പ്രശ്നത്തിൽ പാണംകുഴി സഭ ആടി ഉലയുകയാണ്. എന്നിട്ടും നേതാക്ക ന്മാരായ കേളന്മാർക്ക് കുലുക്കമില്ല.

സഭയുടെ സ്വത്തുക്കൾ മോഷ്ടിക്കുക, അനാഥക്കുട്ടികളുടെ പേരിൽ പണം വരുത്തി സ്വന്തം കീശ വീർപ്പിക്കുക, കള്ളക്കേസുകൾ കൊടുക്കുക, സദാചാരവിരുദ്ധരായിരിക്കുക തുടങ്ങി ലോകജാതികൾ പോലും ചെയ്യാൻ അറയ്ക്കുന്ന ദുഷ്കർമ്മങ്ങൾ നിരന്തരം ചെയ്തുകൂട്ടുന്ന ഈ നേതാക്കന്മാർ കർത്താവായ യേശുക്രിസ്തുവിന്റെ ദാസന്മാരല്ല, മറിച്ച്, സാക്ഷാൽ പിശാചിന്റെ ദാസന്മാരാണെന്ന് ദൈവമക്കൾ തിരിച്ചറിയണം.

## സി. എം. ടൈറ്റസ് സ്ഥലത്തുണ്ട്

സി.എം. ടൈറ്റസ് ഇപ്പോൾ കേരളത്തിൽ ഉണ്ട്. അതുകൊണ്ട് എന്താ കുഴപ്പം എന്നു ചോദിച്ചേക്കാം. സാധാരണക്കാരായ ശുശ്രൂഷകന്മാർക്കോ വിശ്വാസികൾക്കോ ഒരു കുഴപ്പവും ഇല്ല. ചിലർക്കൊക്കെ ഗുണം ഉണ്ടാകുന്നുണ്ടു താനും. പക്ഷേ, ശാരോൻ നേതാക്കന്മാർക്കു മാത്രം ഉറക്കമില്ലാതായിരിക്കുകയാണ്. അവർ തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിക്കുന്നു.

സി.എം. ടൈറ്റസിന്റെ സാന്നിദ്ധ്യം ശാരോൻ നേതാക്കന്മാരുടെ ഉറക്കം കെടുത്താൻ കാരണമെന്ത്? തങ്ങളുടെ അധികാരം കൈവിട്ടു പോകുമോ എന്നതു തന്നെ. 'മണി ഈസ് പവർ' എന്നാണല്ലോ ചൊല്ല്. പെന്തക്കോസ്ത് നേതാക്കന്മാർ അധികാരത്തിൽ എത്തുന്നത്, അധികാരത്തിൽ നിലനിൽക്കുന്നത്, എതിർക്കുന്നവരെ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തുന്നത് എല്ലാം പണം കൊണ്ടാണ്. ആത്മീയതയുടെ പാരമ്യം കൊണ്ട് ഒരാളും ഏതെങ്കിലും പെന്തക്കോസ്ത് സഭയുടെ നേതൃത്വത്തിൽ എത്തിയതായി അറിവില്ല. ശാരോനിലും ഇതു തന്നെ സ്ഥിതി. ശാരോനിലെ പണക്കാരായ ഉപദേശിമാർ നേതാക്കന്മാർ ആകുന്നു. പണമില്ലാത്തവർ അവരുടെ ദാസന്മാർ ആകുന്നു. ഇപ്പോഴുള്ള നേതാക്കന്മാർ സി.എം. ടൈറ്റസിനെ ഭയപ്പെടാൻ കാരണവും ഇതു തന്നെ.

സി.എം. ടൈറ്റസിന് പണമുണ്ട്. അത് സുവിശേഷത്തിനു വേണ്ടി ചിലവാക്കാൻ തയ്യാറുമാണ്. ചിലവാക്കുന്നുമുണ്ട്. കുറെ കാലമായി ആർക്കും വേണ്ടാതെ കിടന്ന ശുശ്രൂഷകന്മാരെ വിളിച്ചുകൂട്ടി യോഗങ്ങൾ നടത്തുകയാണിപ്പോൾ. നേതാക്കന്മാർക്ക് ഭയപ്പെടാൻ ഇതിലധികം എന്തു വേണം. അതുകൊണ്ട് അവർ സി.എം. ടൈറ്റസ് ഇത്തരം യോഗങ്ങൾ നടത്തുന്നത് തടയാനുള്ള ശ്രമത്തിലാണ്.


**മൾട്ടി കളർ വിസിറ്റിംഗ് കാർഡുകൾ കുറഞ്ഞ ചെലവിൽ അടിക്കാം**

**പ്രത്യേകതകൾ**

1. നിങ്ങൾക്ക് ഇഷ്ടമുള്ള എല്ലാ നിറങ്ങളും ഉൾപ്പെടുത്താം.
2. നിങ്ങളുടെ എംബ്ലവും കളർ ഫോട്ടോയും ചേർക്കാം.
3. സാധാരണക്കാർക്കുപോലും താങ്ങാവുന്നത്ര കുറഞ്ഞ ചെലവ്.
4. ഓഫ്സെറ്റ് പ്രിന്റിംഗ്.
5. ഡിസൈനിംഗ് സൗജന്യം.

**കാർഡുകൾ പ്രിന്റ് ചെയ്ത് ഇന്ത്യയിൽ എല്ലായിടത്തും എത്തിച്ചുതരുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ: 94474 14608

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

ബെസ്റ്റ് കോംപ്ലക്സ്,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ.
ഫോൺ : 2592249, 94474 14608

എല്ലാവിധ അച്ചടി ജോലികൾക്കും ബന്ധപ്പെടുക


## ചാനൽ പിരിവ് ഇനി കൺവെൻഷൻ സ്റ്റേജുകളിൽ

ഭൂലോകമൊക്കെയും പോയി പിരിച്ചിട്ടും കാര്യമായി ഒന്നും കിട്ടാത്തതു കൊണ്ട് അക്ഷരാർത്ഥത്തിൽ തന്നെ പൂവർ ആയ ചാനലിനെ എങ്ങനെയെങ്കിലും നിലനിർത്താനുള്ള തത്രപ്പാടിലാണ് കെ.സി. ജോൺ. അതിന്റെ ഭാഗമായി കേരളത്തിലെ കൺവെൻഷൻ സ്റ്റേജുകളിൽ സുവിശേഷ പ്രസംഗത്തോടൊപ്പം ചാനൽ പ്രചരണവും നടത്താനാണ് കെ.സി.ജോണിന്റെ പദ്ധതി.

ആകെ ഇരുപത്തഞ്ചു കോടി ചിലവുണ്ടാകുമെന്നും, അതിന്റെ 1/3 കിട്ടിക്കഴിഞ്ഞുവെന്നും കെ.സി.ജോൺ പത്രസമ്മേളനത്തിൽ പറഞ്ഞതാണ്. അതു ശരിയാണെങ്കിൽ ആ എട്ടു കോടിയിലധികം രൂപ എവിടെ പോയി എന്ന് വ്യക്തമാക്കാൻ മാത്യൂസ് ചാക്കോയ്ക്കും കെ.സി. ജോണിനും ബാദ്ധ്യതയുണ്ട്. അഥവാ, അന്നു പറഞ്ഞത് പച്ചക്കള്ളമാണെങ്കിൽ അത് തുറന്നു പറയാനുള്ള ധൈര്യമെങ്കിലും കാണിക്കണം.

അടുത്തകാലത്ത് കെ.സി. ജോൺ അമേരിക്കയിൽ പോയി പലവട്ടം പിരിവ് നടത്തിയതാണ്. എത്ര കോടി കിട്ടിയെന്ന് ആരോടും പറഞ്ഞിട്ടില്ല. കഴിഞ്ഞമാസം യു.എ.ഇ.പര്യടനത്തിൽ ആയിരുന്നു കെ.സി. ജോൺ. അവിടെ



നിന്ന് എത്ര കിട്ടി, അതും പൊതുജനം അറിയേണ്ട തല്ലേ? ഇത്രയുമൊക്കെ വട്ടം കറങ്ങിയിട്ടും കാര്യമായി ഒന്നും കിട്ടിയില്ലെങ്കിൽ ആവസ്തുത യും തുറന്നു പറയണം. എന്തായാലും കൃത്യമായ കണക്ക് പൊതുജനങ്ങളെ അറിയിക്കണം. ഒളിച്ചുകളി അവ സാനിപ്പിക്കണം.

സുവിശേഷം പ്രസംഗിക്കാനാണ് കെ.സി.ജോണിന് ജനം കൺവൻഷനുകൾ വയ്ക്കുന്നത്. (കെ.സി.ജോൺ കള്ളനാണെന്ന കാര്യം പൊതുജനത്തിന് അറിഞ്ഞുകൂടല്ലോ) അതുകൊണ്ട് കെ.സി. ജോണിന്റെ പ്രസംഗം ബൈ ബിളിന് ഉള്ളിൽ നിന്നുകൊണ്ടാണ്. സ്വന്തം ബിസിനസ്സ് ആയ ടി.വി.ചാനലിനെക്കുറിച്ച് പ്രചരിപ്പിക്കാൻ വല്ലവന്റെയും കൺവെൻ ഷൻ സ്റ്റേജ് ദുരുപയോഗം ചെയ്യരുത്.

ദി ഡിഫെൻഡർ
Vol. No.8 Issue No. 1 2005 January 1

# വൈകി ഉദിക്കുന്ന വിവേകം

അങ്ങനെ കുഞ്ഞാലിക്കുട്ടി രാജിവെച്ചു. അല്ലെങ്കിൽ രാജിവയ്ക്കേണ്ടതായി വന്നു. ഈ പ്രശ്നം ഇങ്ങനെയേ അവസാനിക്കൂ എന്ന് സാമാന്യബുദ്ധിയുള്ളവർക്കൊക്കെ അറിയാമായിരുന്നതാണ്. എന്നിട്ടും കുഞ്ഞാലിക്കുട്ടി പിടിച്ചുനിന്നു. അതിന് മതത്തേയും ദൈവത്തേയും ഒക്കെ കൂട്ടുപിടിച്ചു. എതിർത്തവരെ അടിച്ചൊതുക്കി. മാധ്യമ പ്രവർത്തകരെ തല്ലിച്ചതച്ചു. പണം വാരി വിതറി. അധികാരം പരമാവധി ദുർവിനിയോഗം ചെയ്തു. എന്നിട്ടും ജനരോ ഷത്തിനു മുമ്പിൽ പിടിച്ചുനിൽക്കാൻ കുഞ്ഞാലിക്കുട്ടിക്ക് കഴിഞ്ഞില്ല. അങ്ങനെയാണ് രാജിവയ്ക്കേണ്ടതായി വന്നത്.

കസേരയിൽ നിന്ന് ഇറങ്ങാതിരിക്കുക എന്നത് എല്ലാ രാഷ്ട്രീയക്കാരന്റെയും പ്രധാന സ്വഭാവവിശേഷമാണ്. ലാൽ ബഹദൂർ ശാസ്ത്രിയെപ്പോലുള്ള മഹാന്മാരെ മറന്നുകൊണ്ടല്ല ഇതു പറയുന്നത്. ഇന്ന് രാഷ്ട്രീയരംഗം പരമാവധി അധഃപതി ച്ചിരിക്കുന്നു. ശാസ്ത്രിമാരില്ല, കസേരയിൽ സ്ഥിരവാസം ഉറപ്പിച്ചിരിക്കുന്ന രക്തദാഹികളായ മൂട്ടകളേ ഉള്ളൂ. അവയുടെ കടിയേറ്റ് ജനം പുളയുകയാണ്. വിഷപ്രയോഗം കൊണ്ടൊന്നും ഗുണമില്ല. അത്ര മുന്തിയ ഇനമാണ് ഇവനൊക്കെ.

ആദർശധീരനെന്ന് ജനം വാഴ്ത്തിപ്പാടിയിരുന്ന ഏ.കെ. ആന്റണിയുടെ തനിസ്വരൂപം കാണാനുള്ള ഭാഗ്യം കേരളജ നതയ്ക്ക് ഉണ്ടായില്ല. അതുപോലെ ആദർശത്തിന് കയ്യും കാലും വച്ചു നടക്കുന്ന ഉമ്മൻചാണ്ടിയുടെ തനിനിറവും കുഞ്ഞാലിക്കുട്ടി പ്രശ്നത്തോടെ പുറത്തായി.

മുസ്ലീംലീഗിന്റെ നിലപാട് ഏവരേയും അമ്പരപ്പിച്ചു എന്നതാണ് സത്യം. സ്വന്തം തട്ടകത്തിൽ പോലും അവർക്ക് ജനപിന്തുണ നഷ്ടപ്പെട്ടു എന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പിലൂടെ വെളിവായതാണ്. എന്നിട്ടും അവർ പാഠം പഠിച്ചില്ല. പണക്കാ രന്റെ പാർട്ടിയായി മുസ്ലീംലീഗ് അധഃപതിച്ചു കഴിഞ്ഞു. സാധാരണക്കാരയപ്രവർത്തകരുടെ ശബ്ദത്തിന് ലീഗിൽ പുല്ലുവില യാണുള്ളത്. അതിന്റെയൊക്കെ പരിണിതഫലമാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കണ്ടത്. ഏതായാലും കുഞ്ഞാലിക്കുട്ടി പ്രശ്നം ഇപ്പോഴെങ്കിലും പരിഹരിക്കാൻ തയ്യാറായത് നന്നായി.

കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ്. അവരെ ഏറെക്കാലം കബളിപ്പിക്കാമെന്ന് ആരും കരുതേണ്ടതില്ല. കുഞ്ഞാലിക്കുട്ടി പ്രശ്നം ഇത്രത്തോളം വലിച്ചിഴച്ചതിന്റെ ഫലം അടുത്ത തിരഞ്ഞെടുപ്പിൽ ഉണ്ടാകും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ചാൽ പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# പ്രൈവറ്റ് ട്രസ്റ്റുകൾ തിരുവചന വെളിച്ചത്തിൽ

ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ ജനറൽ ട്രഷററും സഭയിലെ അത്മീയ പ്രതിനിധിയുമായ ജോസഫ് താന്നിക്കൽ സ്വകാര്യ ട്രസ്റ്റുകൾക്കെതിരെ ആഞ്ഞടിക്കുന്നു. സഭാ പ്രസ്ഥാനത്തെ തകർത്തുക ളയുന്നത് നേതാക്കന്മാരുടെ സ്വകാര്യ ട്രസ്റ്റുകളാണെന്ന് ജോസഫ് താന്നിക്കൽ തുറന്നു പറയുന്നു. സ്വകാര്യ ട്രസ്റ്റുകൾ നടത്തുന്നവർ സഭാ നേതൃത്വത്തിൽ നിന്ന് മാറിനിൽക്കണമെന്ന് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ആവശ്യപ്പെടുന്നു.

അംഗത്വമുള്ള സഭയുടേതല്ലാത്ത രജിസ്ട്രേഡ് ട്രസ്റ്റുടമകൾ (ഭാരവാഹികൾ) അംഗത്വമുള്ള സഭയുടെ ഭാരവാഹികൾ ആകുന്നത് കല്പനാലംഘനമാണ്. അതനുവദിക്കരുത്. ഒരു സംക്ഷിപ്തമായ വിചിന്തനം.

1. കലപ്പയ്ക്ക് കൈവച്ച ശേഷം പുറകോട്ട് നോക്കുന്നവർക്ക് തുല്യൻ.

2. ഉഭയസമ്മതത്തിന്റെ ഭാര്യയെ ഉപേക്ഷിച്ച് പരസ്ത്രീയെ പ്രണയിക്കുന്നതിനു തുല്യം.

3. ഇരുതോണിയിൽ കാലുചവിട്ടുന്നവർക്ക് തുല്യം.

4. കുടുംബത്തെ നന്നായി ഭരിക്കാത്തവർക്ക് തുല്യൻ.

5. സ്വന്ത മക്കളെ അനുസരണത്തിലും പത്ഥ്യോപദേശത്തിലും വളർത്താത്ത ഗൃഹനാഥന് തുല്യം.

6. അപ്പന്റെ സ്വത്ത് വീതിച്ചു വാങ്ങി വീടുവിട്ടിറങ്ങി സ്വന്ത സുഖത്തിനും ഇഷ്ടത്തിനും ജീവിച്ച് മുതൽ നഷ്ടപ്പെടുത്തുന്ന മുടിയൻ പുത്രനും തുല്യം.

7. താല്ക്കാലിക വിശപ്പടക്കാൻ ജ്യേഷ്ഠാവകാശം വിറ്റ ഏശാവിനും തുല്യം.

8. വിലക്കപ്പെട്ട കനി പറിച്ചു തിന്ന് ദൈവത്തെപ്പോലെയാകാൻ അനുസരണക്കേട് കാണിച്ച ഹവ്വായ്ക്ക് തുല്യം.

9. അനുസരണമില്ലാത്ത മക്കൾക്കു തുല്യം.

10. ആടിനെ മേയ്ക്കുന്നവൻ ആടിന്റെ പാൽ കൊണ്ട് ഉപജീവനം കഴിക്കണമെന്നും, ദേവാലയത്തിൽ വേല ചെയ്യുന്നവർ ദേവാലയം കൊണ്ട് ജീവിക്കണമെന്നും, ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ അത് മതിയെന്നു വയ്ക്കാനും തിരുവചനത്തിൽ അനുശാസിക്കുന്നു. ഇതിനു വിപരീതമായി വയലോടു വയൽ ചേർക്കാനും ക്യാപ്പിറ്റേഷൻ തുക കൊടുത്ത് പ്രൊഫഷണൽ സീറ്റ് നേടാനും ബിനാമി സ്വത്ത് സ്വരൂപിക്കുന്നതും ആഡംബര വസതികൾ നിർമ്മിക്കുന്നതും കർത്തൃശുശ്രൂഷകന്മാർക്കും പൊതുജനസേവകർക്കും അയോഗ്യമാണ്, നിയമവിരുദ്ധമാണ്, വചനവിരുദ്ധമാണ്.

11. പൊതുജനസേവകരുടേയും സർക്കാരുദ്യോഗസ്ഥരുടേയും സ്വത്തുവിവരം കാലാകാലങ്ങളിൽ ഗവൺമെന്റിനെ അറിയിക്കണമെന്ന ചട്ടം നിലവിലുണ്ട്. വരവിലധികം സ്വത്ത് ഉണ്ടായാൽ കുറ്റകരമാണ്. സ്വത്തുവിവരം അറിയിച്ചാൽ തന്നെയും വിജിലൻസിന് റെയ്ഡ് ചെയ്യാൻ അധികാ രമുണ്ട്. അതുപോലെ വ്യവസായികളേയും വ്യാപാരികളേയും പൊതുജനസേവകരേയും സംഘടനാ ഭാരവാഹികളേയും അന്വേഷണത്തിന് വിധേയമാക്കാം. അവർ അന്വേഷിച്ചാൽ നിങ്ങളുടെ സ്വത്ത് ദൈവമുമ്പാകെയും ഗവൺമെന്റുമുമ്പാകെയും കുറ്റമറ്റ താകുമോ?

12. ഗവൺമെന്റ് വ്യവസായ സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടെയും കണക്കും ഓഡിറ്റ് റിപ്പോർട്ടും ഗവൺമെന്റിനെ ഏൽപ്പിക്കാറുണ്ട്. സഭയുടെ ലോക്കൽ സെന്റർ സ്റ്റേറ്റ്/ റീജിയൻ പ്രസിഡന്റുമാർ (ഭരണസമിതി) തങ്ങളുടെ ഭരണസമിതികളിൽ ലഭിക്കുന്ന വരവുചെലവ് കണക്കുകളും, സാമ്പത്തിക വിഹിതവും അതാതു ഘടകങ്ങളെ ഏല്പിക്കുന്നുണ്ടോ? ഭരണഘടനയിൽ അത് വ്യക്തമായി അനുശാസിക്കുന്നു. സഭയുടെ പേരിൽ ലഭിച്ച/പിരിച്ചെടുത്ത സാമ്പ ത്തിക വിവരം അറിയിക്കു ന്നതിൽ ഭയമുണ്ടോ? (വിശ്വ സ്തന്മാർ ഭാഗ്യവാന്മാർ (മത്തായി 24:45). അവിശ്വ സ്തത കാണിക്കുന്നവർ അധോലോക കള്ളക്കടത്ത് മാഫിയാ സംഘത്തിന് തുല്യർ. <u>അവരെ ദൈവസഭയ്ക്ക് കൈക്കൊള്ളാവുന്നവരല്ല. അവരെ സഭകളും വ്യക്തികളും കുറിക്കൊള്ളണം. അവരെ ഒഴിവാക്കണം. മിന്നുന്നതെല്ലാം പൊന്നല്ല.</u>

13. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്. ഒരു വിഗ്രഹത്തേയും ഉണ്ടാക്കരുത് എന്ന തിരുവചനം ദുർവ്യാഖ്യാനം ചെയ്ത് മറ്റു മതസ്ഥരെ നിരൂപണം ചെയ്യുന്ന സഭാ പ്രവർത്തകാ, <u>നിങ്ങളുടെ സ്വകാര്യ ട്രസ്റ്റും ഫൗണ്ടേഷനും അന്യദൈവവും വിഗ്രഹവും അല്ലെന്ന് നിങ്ങ ളുടെ കൈയിലിരിക്കുന്ന വേദപുസ്തകത്തിൽ നിന്ന് സമർത്ഥിക്കാമോ? അത് അഹരോൻ</u> (പുരോഹിതൻ, പാസ്റ്റർ, നേതാവ്) <u>വാർത്ത കാളക്കുട്ടിയല്ലെന്ന് തെളിയിക്കാമോ?</u> നിങ്ങളുടെ തകർപ്പൻ പ്രസംഗവും പാട്ടും നൃത്തവും ഈ കാളക്കുട്ടിക്ക് മുമ്പിലല്ലയോ? ഇതാ വാളുമായി ലേവ്യ ഗോത്രം ഇറ ങ്ങിവരാൻ സമയമായിരിക്കുന്നു.

14. ദൈവത്തെ മാനിക്കു കയും ഭയപ്പെടുകയും ചെയ്യുന്ന ജനം വചനം കേൾക്കുമ്പോൾ കൈയ്യടിച്ച് സ്തോത്രം പറഞ്ഞ് ആരാധിക്കുന്നതിന്റെ മഹത്വം ദൈവത്തിനാണ്, പ്രസംഗക നല്ലെന്ന് ജനം മനസ്സിലാക്കണം. കൊർന്നല്ല്യോസ് പത്രോസിന്റെ കാൽക്കൽ വീണ് നമസ്കരിച്ച പ്പോൾ എഴുന്നേൽക്ക, ഞാനും ഒരു മനുഷ്യനത്രേ എന്നു പറഞ്ഞ് എഴുന്നേൽപ്പിച്ചു. ഇന്നാണെങ്കിൽ മുഖ്യാസനവും വന്ദനവും സ്തുതിപാടലും കൈ മുത്തും കൊടുത്തില്ലെങ്കിൽ പിന്നീട് വിവരം അറിയും.

15. സുവിശേഷ പ്രവർത്തകരെ സംഘടിപ്പിച്ച് രജിസ്റ്റർ ചെയ്യാത്ത ടീമും ഗ്രൂപ്പും രൂപീകരിക്കുന്നത് പ്രവർത്തനങ്ങൾക്ക് സൗകര്യപ്രദമാണ്. പക്ഷേ അവരുൾപ്പെട്ടു നിൽക്കുന്ന രജിസ്റ്റേഡ് സഭയുടെ നിയന്ത്രണത്തിലായിരിക്കണം. സ്വകാര്യ സ്ഥാപനങ്ങളുണ്ടാക്കുന്നതിനും, വ്യാപാരം ചെയ്യുന്നതിനും, സമ്പാദിക്കുന്നതിനും അതാതു രാജ്യങ്ങളിലെ പൗരന്മാർക്ക്

(ശേഷം പേജ് : 8)

## നിങ്ങൾക്കും ഒരു ഓഫ്സെറ്റ് പ്രസ്സ് വാങ്ങാം

**പ്രിന്റിംഗ് - പബ്ലീഷിംഗ് രംഗത്ത് താല്പര്യമുള്ള വ്യക്തിയാണോ നിങ്ങൾ? എങ്കിൽ നിങ്ങൾക്കും ഒരു പ്രസ്സ് വാങ്ങാം.**

**മിനി ഓഫ്സെറ്റ് മുതൽ ഫോർ-കളർ മെഷീനും വെബും വരെയുള്ള എല്ലാവിധ ഓഫ്സെറ്റ് പ്രസ്സുകളും വാങ്ങാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ: 94474 14608**

# ഇന്ത്യൻ ക്രിസ്ത്യാനി വിവാഹ ആക്റ്റ്, 1872

## 1872-ലെ 15-ാം നമ്പർ

## ക്രിസ്ത്യാനികളുടെ വിവാഹങ്ങൾ ഇന്ത്യയിൽ വച്ച് ആഘോഷിക്കുന്നത് സംബന്ധിച്ചുള്ള നിയമം സഞ്ചയിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നതിനുള്ള ആക്റ്റ് (1872 ജൂലൈ 18)

### ഭാഗം IV

**മതപുരോഹിതന്മാർ ആഘോഷിച്ചു കൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ:**

27. വിവാഹങ്ങൾ എപ്പോൾ രജിസ്റ്റർ ചെയ്യണമെന്ന് - രണ്ടിൽ ഒരാളോ രണ്ടുപേരുമോ, ക്രിസ്തുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരായ രണ്ട് ആളുകൾ തമ്മിൽ ഇതിനുശേഷം ഇന്ത്യയിൽ വച്ച് ആഘോഷിക്കപ്പെടുന്നതും, ഈ ആക്റ്റിന്റെ V-ാം ഭാഗത്തിനോ VI-ാം ഭാഗത്തിനോ കീഴിൽ ആഘോഷിച്ചു കൊടുക്ക പ്പെടുന്ന വിവാഹങ്ങൾ ഒഴികെയുള്ളതുമായ എല്ലാ വിവാഹങ്ങളും, ഇതിൽ ഇതിനുശേഷം നിർണ്ണയിച്ചിട്ടുള്ള രീതിയിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

28. ചർച്ച് ആഫ് ഇംഗ്ലണ്ടിന്റെ വൈദികൻ ആഘോഷിച്ചു കൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷൻ - ചർച്ച് ആഫ് ഇംഗ്ലണ്ടിന്റെ ഏതൊരു വൈദികനും വിവാഹങ്ങളുടെ ഒരു രജിസ്റ്റർ വച്ചു പോരേണ്ടതും, അതിൽ ഈ ആക്റ്റിൻ കീഴിൽ അദ്ദേഹം ആഘോഷിച്ചു കൊടുക്കുന്ന ഏതൊരു വിവാഹവും ഇതോടനുബന്ധിച്ചുള്ള മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ടാബുലർ ഫാറം അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതുമാകുന്നു.

29. ആർച്ച് ഡീക്കൺറിക്കുള്ള ത്രൈമാസിക റിട്ടേണുകൾ - ചർച്ച് ആഫ് ഇംഗ്ലണ്ടിന്റെ ഏതൊരു വൈദികനും, തനിക്ക് ഏതെങ്കിലും ആത്മീയമായ ചാർജ്ജുള്ള ഏതെങ്കിലും സ്ഥലത്തു വച്ച്, ആഘോഷിച്ചു കൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്റ്ററിലെ ഉൾക്കുറിപ്പു കളുടെ, തന്റെ ഒപ്പ് വഴി പ്രമാണീകരിച്ച ഡ്യൂപ്ലിക്കേറ്റിലുള്ള റിട്ടേണുകൾ, ഓരോ വർഷവും നാലു പ്രാവശ്യം, താൻ ഏത് ആർച്ച് ഡീക്കൺറിക്ക് കീഴിലാണോ ഉള്ളത്, അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലം ഏത് ആർച്ച് ഡീക്കൺറിയുടെ അതിർത്തികൾക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത്; ആ ആർച്ച് ഡീക്കൺറിയുടെ രജിസ്ട്രാർക്ക്, അയച്ചുകൊടുക്കേണ്ട താകുന്നു.

റിട്ടേണുകളുടെ ഉള്ളടക്കം - അങ്ങനെയുള്ള ത്രൈമാസിക റിട്ടേണുകളിൽ മുൻപറഞ്ഞ രജിസ്റ്ററിൽ അടങ്ങുന്ന ഓരോ വർഷത്തേയും യഥാക്രമം ജനുവരി ഒന്നാം ദിവസം മുതൽ മാർച്ച് മുപ്പത്തൊന്നാം ദിവസം വരെയും, ഏപ്രിൽ ഒന്നാം ദിവസം മുതൽ ജൂൺ മുപ്പതാം ദിവസം വരെയും, ജൂലൈ ഒന്നാം ദിവസം മുതൽ സെപ്റ്റംബർ മുപ്പതാം ദിവസം വരെയും, ഒക്ടോബർ ഒന്നാം ദിവസം മുതൽ ഡിസംബർ മുപ്പത്തൊന്നാം ദിവസം വരെയും ഉള്ള എല്ലാ വിവാഹങ്ങളുടെ ഉൾക്കുറിപ്പുകളും അടങ്ങിയിരിക്കേണ്ടതും, അവ അങ്ങനെയുള്ള വൈദികൻ മുകളിൽ നിർദ്ദേശിക്കപ്പെട്ട ഓരോ മൂന്നു മാസവും കഴിഞ്ഞ് രണ്ട് ആഴ്ചയ്ക്കുള്ളിൽ അയയ്ക്കേണ്ടതും ആകുന്നു.

മുൻപറഞ്ഞ റിട്ടേണുകൾ കിട്ടുന്നതോടെ മുൻപറഞ്ഞ രജിസ്ട്രാർ അവയുടെ പകർപ്പ്, ജനന മരണ വിവാഹ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതാകുന്നു.

30. ചർച്ച് ആഫ് റോമിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹങ്ങളുടെ രജിസ്ട്രേഷനും റിട്ടേണുകളും - ചർച്ച് ആഫ് റോമിലെ വൈദികൻ ആഘോഷിച്ചു കൊടുക്കുന്ന ഏതൊരു വിവാഹവും, അങ്ങനെയുള്ള വിവാഹം ആഘോഷിച്ചു കൊ ടുക്കപ്പെടുന്ന ഇടവകയുടെയോ വികാരിയേറ്റിന്റെയോ, റോമൻ കത്തോലിക്കാ ബിഷപ്പ് അതിലേക്കായി നിർദ്ദേശിക്കുന്ന ആളാലും; ഫാറം അനുസരിച്ചും രജിസ്റ്റർ ചെയ്യപ്പെടേണ്ടതും;

അങ്ങനെയുള്ള ആൾ, തൊട്ടുമുമ്പുള്ള മൂന്നു മാസങ്ങളിൽ താൻ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിവാഹങ്ങ ളുടേയും ഉൾക്കുറിപ്പുകളുടെ റിട്ടേണുകൾ ത്രൈമാസി കമായി, ജനനമരണ വിവാഹ രജിസ്ട്രാർ ജനറലിന് അയ യ്ക്കേണ്ടതുമാകുന്നു.

31. ചർച്ച് ആഫ് സ്കാട്ലണ്ടിലെ വൈദികൻ ആഘോഷിച്ചുകൊടുക്കുന്ന വിവാഹ ങ്ങളുടെ രജിസ്ട്രേഷനും റിട്ടേണുകളും - ചർച്ച് ആഫ് സ്കാട്ലണ്ടിലെ ഏതൊരു വൈദികനും, വിവാഹങ്ങളുടെ ഒരു രജിസ്റ്റർ വച്ചുപോരേണ്ടതും, അതിൽ ആക്റ്റിൻ കീഴിൽ താൻ ആഘോഷിച്ചു കൊടുക്കുന്ന ഏതൊരു വിവാഹവും, ഇതോട് അനുബന്ധിച്ചുള്ള മൂന്നാം പട്ടികയിൽ കൊടുത്ത ടാബുലർ ഫാറമനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതും,

അങ്ങനെയുള്ള എല്ലാ വിവാഹങ്ങളുടേയും, 29-ാം വകുപ്പിൽ നിർണ്ണയിക്കപ്പെ ട്ടതിന് സദൃശമായ റിട്ടേണുകൾ, ജനനമരണ വിവാഹ രജിസ്ട്രാർ ജനറലിന്, ചർച്ച് ആഫ് സ്കാട്ലണ്ടിലെ സീനിയർ ചാപ്ലിൻ മുഖേന ത്രൈമാസികമായി അയയ്ക്കേണ്ടതുമാ കുന്നു.

32. ചില വിവാഹങ്ങൾ ഡ്യൂപ്ലിക്കേറ്റിൽ രജിസ്റ്റർ ചെയ്യണ മെന്ന് - ബിഷപ്പിൽ നിന്നു പട്ടം കിട്ടിയിട്ടുള്ള, എന്നാൽ ചർച്ച് ആഫ് ഇംഗ്ലണ്ടിലെയോ ചർച്ച് ആഫ് റോമിലെയോ വൈദികൻ അല്ലാത്ത, ഏതെങ്കിലും ആളോ, അല്ലെങ്കിൽ വിവാഹം ആഘോഷിച്ചുകൊടുക്കുവാൻ ഈ ആക്റ്റിൻ കീഴിൽ ലൈസൻസ് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും മതപുരോഹിതനോ ആഘോഷിച്ചുകൊടുക്കുന്ന ഏതൊരു വിവാഹവും, അത് ആഘോഷിക്കപ്പെട്ടു കഴിഞ്ഞാ ലുടനെ, അത് ആഘോഷിച്ചു കൊടുക്കുന്ന ആൾ ഡ്യൂപ്ലി ക്കേറ്റിൽ (അതായത്) അതിനു വേണ്ടി ഇതോട് അനുബന്ധി ച്ചിട്ടുള്ള നാലാം പട്ടികയിൽ അടങ്ങിയ ഫാറമനുസരിച്ച് അദ്ദേഹം വച്ചുപോരേണ്ട ഒരു വിവാഹ രജിസ്റ്റർ ബുക്കിലും, കൂടാതെ കൗണ്ടർ ഫോയിൽ ആയി വിവാഹ രജിസ്റ്റർ ബുക്കിനോട് ബദ്ധമായ ഒരു സർട്ടിഫിക്കറ്റിലും-രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

33. അങ്ങനെയുള്ള വിവാഹങ്ങളുടെ ഉൾക്കുറിപ്പുകൾ ഒപ്പുവയ്ക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യണമെന്ന് - സർട്ടിഫിക്കറ്റിലും വിവാഹ രജിസ്റ്റർ ബുക്കിലുമുള്ള അങ്ങനെയുള്ള വിവാഹത്തിന്റെ ഉൾക്കുറിപ്പ്, വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആളും, കൂടാതെ വിവാഹിതരായ ആളുകളും ഒപ്പുവയ്ക്കേണ്ടതും, വിവാഹം ആഘോഷിച്ചുകൊടുക്കുന്ന സമയത്ത് സന്നിഹിതരായിരുന്ന, ആഘോഷിച്ചു കൊടുക്കുന്ന ആളല്ലാത്ത രണ്ടു വിശ്വാസ്യരായ സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

അങ്ങനെയുള്ള ഏതൊരു ഉൾക്കുറിപ്പും, ബുക്കിന്റെ തുടക്കം മുതൽ അവസാനംവരെ, ക്രമമായി ചേർക്കേണ്ടതും, സർട്ടിഫിക്കറ്റിന്റെ നമ്പർ, വിവാഹ രജിസ്റ്റർ ബുക്കിലെ ഉൾക്കുറിപ്പിന്റെ നമ്പരുമായി പൊരുത്തപ്പെടേണ്ടതുമാകുന്നു.

34. സർട്ടിഫിക്കറ്റ് വിവാഹ രജിസ്ട്രാർക്ക് അയയ്ക്കുകയും പകർത്തുകയും രജിസ്ട്രാർ ജനറലിന് അയയ്ക്കുകയും ചെയ്യണമെന്ന് - വിവാഹം ആഘോഷിച്ചുകൊടു ക്കുന്ന ആൾ, ഉടനടി വിവാഹ രജിസ്റ്റർ ബുക്കിൽ നിന്ന് സർട്ടിഫിക്കറ്റ് വേർപെടു ത്തേണ്ടതും, വിവാഹം ആഘോഷിക്കപ്പെട്ട ജില്ലയിലെ വിവാഹ രജിസ്ട്രാർക്കോ, ഒന്നിലധികം വിവാഹ രജി സ്ട്രാർമാർ ഉണ്ടെങ്കിൽ, സീനിയർ വിവാഹ രജിസ്ട്രാർക്കോ അയച്ചുകൊടുക്കേ ണ്ടതും,

അയാൾ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ്, അതിനുവേണ്ടി അയാൾ വച്ചുപോരേണ്ട ഒരു ബുക്കിൽ പകർത്തിക്കേണ്ടതും,

ആ മാസത്തിൽ അയാ ൾക്ക് കിട്ടിയിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും, അവ യോടു ചേർത്ത് ഇതിൽ ഇതിനുശേഷം ആവശ്യപ്പെടുന്ന നമ്പരും ഒപ്പും അല്ലെങ്കിൽ ചുരുക്കൊപ്പും സഹിതം ജനനമരണ വിവാഹ രജി സ്ട്രാർ ജനറൽക്ക് അയച്ചു കൊടുക്കേണ്ടതുമാകുന്നു.

35. സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ചേർക്കുകയും, അവയ്ക്ക് നമ്പരിടുകയും വേണമെന്ന് - അങ്ങനെയുള്ള പകർപ്പുകൾ, മുൻപറഞ്ഞ ബുക്കിന്റെ തുടക്കം മുതൽ അവസാനം വരെ ക്രമമായി ചേർക്കേണ്ടതും,അവയിൽ പകർത്തിയ പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ നമ്പരും, കൂടാതെ, ഓരോ സർട്ടിഫി ക്കറ്റും വിവാഹ രജിസ്ട്രാർക്ക് കിട്ടുന്ന ക്രമമനുസരിച്ചുള്ള മുൻപറഞ്ഞ ബുക്കിലെ മുൻപറഞ്ഞ പകർപ്പിന്റെ ഉൾക്കുറിപ്പിന്റെ നമ്പരിനെ സൂചിപ്പിക്കുന്നതും അയാൾ ചേർക്കേണ്ടതുമായ ഒരു നമ്പരും ഉണ്ടായിരിക്കേണ്ടതുമാ കുന്നു.

36. രജിസ്ട്രാർ സർട്ടിഫിക്കറ്റിനോട് ഉൾക്കുറിപ്പു നമ്പർ ചേർക്കുകയും, അത് രജി സ്ട്രാർ ജനറലിന് അയയ്ക്കു കയും ചെയ്യണമെന്ന് - വിവാഹ രജിസ്ട്രാർ, ആ ബുക്കിലെ പകർപ്പിന്റെ ഉൾക്കുറിപ്പിന്റെ ഒടുവിൽ പറഞ്ഞ നമ്പർ, തന്റെ ഒപ്പോ ചുരുക്കൊപ്പോ സഹിതം, സർട്ടിഫിക്കറ്റിനോട് ചേർക്കേണ്ടതും, ഓരോ മാസത്തിന്റെയും അവസാനം അത് ജനനമരണ വിവാഹ രജിസ്ട്രാർ ജനറൽക്ക് അയച്ചു കൊടുക്കേണ്ടതുമാകുന്നു.

37. 5-ാം വകുപ്പിന്റെ (1)-ം (2)-ം (3)-ം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ആളുകൾ, ഇന്ത്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള ഏതെങ്കിലും വിവാഹം 5-ാം വകുപ്പിന്റെ (1)-ാം ഖണ്ഡത്തിലോ (2)-ാം ഖണ്ഡത്തിലോ (3)-ാം ഖണ്ഡത്തിലോ പരാമർശിച്ചതു പോലെയുള്ള ഏതെങ്കിലും ആളോ, വൈദികനോ, മതപുരോഹിതനോ ആഘോഷിച്ചുകൊടുക്കുമ്പോൾ, അത് ആഘോഷിച്ചുകൊടുക്കുന്ന ആൾ, 28 മുതൽ 36 രജിസ്റ്റർ ചെയ്യേണ്ടതും, അത് പൂർത്തിയാകുന്നതു വരെ സുരക്ഷിതമായി വച്ചുപോ രേണ്ടതും, അല്ലെങ്കിൽ, മുൻ പറഞ്ഞ ബുക്ക് പൂർത്തിയാകുന്നതിനു മുമ്പ് ആ വിവാഹം താൻ ആഘോഷിച്ചുകൊടുക്കുന്ന ജില്ലയിൽ നിന്ന് അദ്ദേഹം വിട്ടുപോകുന്നു വെങ്കിൽ, അതു മുൻപറഞ്ഞ ജില്ലയിൽ തന്റെ കർത്ത വ്യങ്ങൾ സംബന്ധിച്ചു പിൻ ഗാമിയാകുന്ന ആൾക്ക് ഏല്പി ച്ചുകൊടുക്കേണ്ടതുമാകുന്നു.

രജിസ്റ്റർ ബുക്കിന്റെ സൂക്ഷിപ്പും അത് എന്തു ചെയ്യണം എന്നും - ആ ബുക്ക് പൂർത്തിയാകുന്ന സമയത്ത്, അതിന്റെ നിയന്ത്രണം ഉള്ള ഏതൊരാളും, അത് ആ ജില്ലയിലെ വിവാഹ രജിസ്ട്രാർ ക്കോ, ഒന്നിലധികം വിവാഹ രജിസ്ട്രാർമാർ ഉണ്ടെങ്കിൽ സീനിയർ വിവാഹ രജിസ്ട്രാ ർക്കോ അയച്ചുകൊടുക്കേണ്ടതും, അയാൾ അത് ജനന-മരണ-വിവാഹ രജിസ്ട്രാർ ജനറൽക്ക്, അയാ ളുടെ ആഫീസിലെ റിക്കാർഡു കളോടൊപ്പം സൂക്ഷിക്കുന്നതിനായി അയച്ചുകൊടു ക്കേണ്ടതും ആകുന്നു.

### *ഭാഗം* V

**ഒരു വിവാഹ രജിസ്ട്രാറാലോ അയാളുടെ സാന്നിദ്ധ്യത്തിലോ ആഘോഷിച്ചു കൊടുക്കപ്പെടുന്ന വിവാഹങ്ങൾ**

38. വിവാഹ രജിസ്ട്രാറുടെ മുമ്പാകെ ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ് - ഒരു വിവാഹം വിവാഹ രജിസ്ട്രാറാലോ അയാളുടെ സാന്നിദ്ധ്യത്തിലോ ആഘോഷിക്കപ്പെടാൻ ഉദ്ദേശിച്ചിരിക്കുമ്പോൾ, അങ്ങനെയുള്ള വിവാഹത്തിലെ കക്ഷികളിൽ ഒരാൾ, ഇതോടനുബന്ധിച്ചിട്ടുള്ള ഒന്നാംപട്ടികയിൽ അടങ്ങിയ ഫാറത്തിലോ, ആ അർത്ഥത്തിലോ ഉള്ള ലിഖിതമായ നോട്ടീസ്, കക്ഷികൾ വസിച്ചിട്ടുള്ള ജില്ലയിലെ ഏതെങ്കിലും വിവാഹ രജിസ്ട്രാർക്ക് നൽകേണ്ടതും, അല്ലെങ്കിൽ,

കക്ഷികൾ വ്യത്യസ്ത ജില്ലകളിൽ വസിക്കുന്നുവെങ്കിൽ, ഓരോ ജില്ലയിലേയും ഒരു വിവാഹ രജിസ്ട്രാർക്ക് സദൃശമായ നോട്ടീസ് നൽകേണ്ടതും,

അതിൽ, വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഓരോരുത്തരുടേയും, പേരും ഇരട്ടപ്പേരും, വൃത്തിയും, അല്ലെങ്കിൽ സ്ഥിതിയും, അവരിൽ ഓരോരുത്തരുടേയും വാസസ്ഥലവും അവിടെ ഓരോരുത്തരും താമസിച്ചിരുന്ന കാലവും, വിവാഹം ആഘോഷിക്കപ്പെടേണ്ട സ്ഥലവും പ്രസ്താവിക്കേണ്ടതുമാകുന്നു.

എന്നാൽ, ഇരുകക്ഷികളിൽ ആരെങ്കിലും, നോട്ടീസിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് ഒരു മാസത്തിലധികം വസിച്ചിട്ടുണ്ടെങ്കിൽ, അയാളോ അവളോ അവിടെ ഒരു മാസവും അതിലധികവും വസിച്ചിട്ടുണ്ടെന്ന് അതിൽ പറയാവുന്നതാണ്.

39. നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത് - അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് കിട്ടുന്നതിന്മേൽ ഏതൊരു വിവാഹ രജിസ്ട്രാറും, അതിന്റെ ഒരു പകർപ്പ് തന്റെ ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഏതെങ്കിലും സ്ഥലത്ത് പതിപ്പിക്കേണ്ടതാകുന്നു.

വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിലൊരാൾ മൈനറായിരിക്കുമ്പോൾ ഏതൊരു വിവാഹ രജിസ്ട്രാറും, അങ്ങനെയുള്ള വിവാഹത്തിന്റെ നോട്ടീസ് തനിക്ക് കിട്ടിയതിനു ശേഷം ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ, അങ്ങനെയുള്ള നോട്ടീസിന്റെ പകർപ്പ് അതേ ജില്ലയിലെ മറ്റു വിവാഹ രജിസ്ട്രാർമാരിൽ (വല്ലവരും ഉണ്ടെങ്കിൽ) ഓരോരുത്തനും തപാൽ വഴിയോ മറ്റുവിധത്തിലോ അയച്ചുകൊടുക്കേണ്ടതും, അയാൾ അതേപ്രകാരം ആ പകർപ്പ് തന്റെ സ്വന്തം ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക വല്ല സ്ഥലത്തും പതിക്കേണ്ടതുമാകുന്നു.

40. നോട്ടീസ് ഫയൽ ചെയ്യുകയും പകർപ്പ് വിവാഹ നോട്ടീസ് ബുക്കിൽ ചേർക്കുകയും ചെയ്യണമെന്ന് - വിവാഹ രജിസ്ട്രാർ, അങ്ങനെയുള്ള എല്ലാ നോട്ടീസുകളും ഫയൽ ചെയ്യുകയും, അവ തന്റെ ആഫീസിലെ റിക്കാർഡുകളോടൊപ്പം സൂക്ഷിക്കുകയും ചെയ്യേണ്ടതും,

കൂടാതെ, ഉടനടി, അങ്ങനെയുള്ള എല്ലാ നോട്ടീസുകളുടേയും ഒരു ശരിപ്പകർപ്പ്, അതു ചേർക്കുന്നതിലേയ്ക്കായി സ്റ്റേറ്റ് ഗവൺമെന്റ് അയാൾക്ക് നൽകേണ്ടതും, "വിവാഹ നോട്ടീസ് ബുക്ക്" എന്ന് പേർ പറയപ്പെടേണ്ടതുമായ ഒരു ബുക്കിൽ ചേർക്കേണ്ടതും;

വിവാഹനോട്ടീസ് ബുക്ക്, അത് പരിശോധിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ ആളുകൾക്കും ഫീസ് കൂടാതെ,

(ശേഷം പേജ് : 5)

# ഞാൻ അതീവ നിരാശനാണ്....

പെന്തക്കോസ്ത് സഭകളുടെ സ്ഥിതി കണ്ടിട്ട്, ഞാൻ ഈയിടെയായി ഏറെ നിരാശനാണ്. ഉപ്പിന് കാരമില്ലാതെ ആയിരിക്കുന്നു. നിലത്തിട്ട് ചവിട്ടാനല്ലാതെ അത് ഇനിമറ്റൊന്നിനും കൊള്ളുന്നില്ല.

30 വർഷം മുൻപാണ് ഞാൻ രക്ഷിക്കപ്പെട്ടത്. വീടിനോട് ഏറ്റവും അടുത്തുള്ള ഒരു പെന്തക്കോസ്ത് സഭയിൽ അംഗത്വമെടുക്കുകയും ചെയ്തു. ആത്മരക്ഷ ഒഴികെ മറ്റൊന്നും പ്രതീക്ഷിച്ചുകൊണ്ടല്ല ഞാൻ കർത്താവിനെ പിൻപറ്റിയത്. സമൃദ്ധിയുടെ സുവിശേഷം അക്കാലത്ത് പ്രചാരത്തിൽ ആയിരുന്നുമില്ല. കഷ്ടതകൾ വരുമ്പോൾ അത് ദൈവം നൽകുന്ന പരിശോധനകളായി എന്നെപോലെയുള്ളവർ പരിഗണിച്ചുകൊള്ളും. ഇന്നും അതേ വിശ്വാസത്തിൽ ഞാൻ ഉറച്ചു നിൽക്കുന്നു.

അന്നത്തെ അപ്പം ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ളതാണ് അത് തീർച്ചയായും ലഭിക്കും. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നുവയ്പ്പീൻ എന്ന് അരുളിചെയ്ത കർത്താവ് അതിനുള്ള വക തന്നു കൊണ്ടുമിരിക്കുന്നു. അതുകൊണ്ട് സാമ്പത്തിക വിഷയത്തിൽ ഞാൻ നിരാശനല്ല.

പെന്തക്കോസ്തിലെ ആത്മീയ അധ:പതനമാണ് എന്നെ ദു:ഖിപ്പിക്കുന്നത്. പെന്തക്കോസ്ത് ഭൗതീക നേട്ടങ്ങളിലേക്ക് തിരിച്ചിരിക്കുന്നു. കഷ്ടതയും, ബുദ്ധിമുട്ടും, രോഗവും ദാരിദ്രവും ശാപത്തിന്റെ ലക്ഷണമായി വ്യാഖ്യാനിക്കപ്പെടുന്നു. മാറാവ്യാധി ഉണ്ടാക്കുന്നത് ശാപത്തിന്റെ ഫലമായിട്ടാണത്രേ. അപകടമരണമുണ്ടാകുന്നതും, ശാപത്തിന്റെ ഫലം തന്നെ അകാലമൃത്യു ഉണ്ടായാൽ ശാപം ഉറപ്പിക്കാം.

ഇത്തരം ശാപങ്ങൾ പൊട്ടിക്കാൻ പ്രത്യേക വരം ലഭിച്ചവരും ഉണ്ടത്രേ. എം.എ വർഗ്ഗീസ്, സുരേഷ് ബാബു അനിസൻ, ജോൺസൺ, ഡാമിയൻ അങ്ങനെ നീളുന്നു ആ നിര. ഇവരിൽ ചിലർ ചേർന്ന് രണ്ടു വർഷം മുൻപ് എറണാകുളത്തെ ശാപം പൊട്ടിച്ചു. സാത്താനെ തല്ലി പൊളിക്കുകയും ചെയ്തു. പക്ഷേ അതിനുശേഷം വിശേഷ വിധിയായി എന്തെങ്കിലും എറണാകുളത്ത് നടന്നതായി അറിവില്ല. ശാപം പൊട്ടിക്കാൻ വെറും ഗുണ്ട് പൊടിക്കൽ ആയിരുന്നു എന്നു ചുരുക്കം.

അനുഗ്രഹത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നവർക്കാണ് ഇനി കൺവെൻഷൻ സ്റ്റേജുകളിൽ ഡിമാന്റ്. ക്രൂശ് വേണ്ട വേണ്ട, ക്രൂശിക്കപ്പെട്ടവനേയും വേണ്ട. ന്യായപ്രമാണത്തിൽ പറയുന്ന എല്ലാ അനുഗ്രഹങ്ങളും പുതിയ നിയമ വിശ്വാസിക്ക് ഒരർത്ഥത്തിൽ തന്നെ ലഭിക്കുമത്രേ. അതു ലഭിക്കാനായി ജനം നെട്ടോട്ടമോടുകയാണ്. അവരുടെ ദൈവം വയറ്. ജീവിക്കാൻ വേണ്ടി പണം ഉണ്ടാക്കുകയല്ല. പണം ഉണ്ടാക്കാൻ വേണ്ടി ഇവർ ജീവിക്കുകയാണുചെയ്യുന്നത്. മരണകരമായ പാപങ്ങളിൽ ഒന്നായിട്ടാണ് ദ്രവ്യാഗ്രഹത്തെ ദൈവവചനം കാണുന്നത് എന്ന വസ്തുത ഇവർ സൗകര്യപൂർവ്വം മറന്നു പോകുന്നു.

ദുർന്നടപ്പിനോട് ദൈവസഭ അടുത്തകാലത്തായി സ്വീകരിക്കുന്ന പൊതു സമീപനം എന്നെ അത്ഭുതപ്പെടുത്തുന്നു. ഉദാഹരണമായി ശാരോൻ നേതാക്കന്മാരിൽ ഒരാളായ സി.വി. ജോൺ സ്വന്തം മകളെ ഭാര്യയാക്കിവെച്ചിക്കുന്ന വിവരം ഞാൻ ഡിഫൻഡറിൽ എഴുതി അത് സത്യമാണെങ്കിൽ അതീവഗുരുതരമായ വിഷയമാണ്. മറിച്ച് ഡിഫെൻഡർ എഴുതിയത് കളവാണെങ്കിൽ ഇത്രഹീനമായ ഒരു ആരോപണം ഉന്നയിച്ചതിന് റ്റി.എസ്. ബാലന് എതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഒന്നും സംഭവിച്ചിട്ടില്ല. എന്തുകൊണ്ട് ? ഡിഫെൻഡർ എഴുതിയത് സത്യമാണ്. അതുകൊണ്ട് നിയമനടപടികൾ സാധ്യമല്ല. ഇതിലും ഹീനമായ പാപം ചെയ്താലും, സി.പി. ജോണിനെ പോലെ ഒരാളെ ശാരോനിൽ നിന്നും പുറത്താക്കില്ല. റ്റി.ജി. കോശി ഗർഭഛിദ്രം നടത്തിയകാര്യം റ്റി.പി. ഏബ്രാഹാമിന്റെ മക്കളുടെ ദുർന്നടപ്പ് തുടങ്ങിയവയെ കുറിച്ചും ഡിഫെൻഡർ എഴുതിയിട്ടുണ്ട്. എന്നിട്ടും മേൽപറഞ്ഞ കാരണങ്ങളാൽ നടപടി ഉണ്ടായിട്ടില്ല.

ഐ.പി.സിയിലെ കാര്യം പറയാതിരിക്കയാണ് ഭേദം. അടിതൊട്ട് മുടിവരെ ഒരു സൗഖ്യവും ഇല്ലായെന്ന് യെശയ്യാവ് പറഞ്ഞതാണ് സ്ഥിതി. റ്റി.എസ്. ഏബ്രാഹാം മുതൽ വെറും ഇവ വരെയുള്ളവർ അവരുടെ കഴിവിനും പ്രാപ്തിക്കും അനുസരിച്ച് ദുർന്നടപ്പ് നടത്തുന്നു. ഒരു നടപടിയും ഉണ്ടാകുന്നില്ല. മറ്റു പെന്തക്കോസ്ത് സഭകളുടേയും സ്ഥിതി ഇതൊക്ക തന്നെ.

വിദേശ പണത്തിന്റെ ദുരുപയോഗമാണ് മനസാക്ഷിയുള്ളവരെ നടുക്കുന്ന മറ്റൊരു പ്രശ്നം. ഭാരത സുവിശേഷീകരണത്തിന്റെ പേരു പറഞ്ഞ് പണം കൊണ്ടുവന്ന് സഭാനേതാക്കന്മാർ തടിച്ചുകൊഴുക്കുകയാണ്. പൊതുനന്മയ്ക്ക് എന്ന പേരിൽ ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കിയിട്ടിട്ട് അവയുടെ നിയന്ത്രണം സ്വന്തം കുടുംബത്തിനുള്ളിൽ ഒരുതുക്കി നിർത്തിയിരിക്കുകയാണ്. തേനും പാലും ഒഴുകുന്ന ദേശത്തിന് സമാനമായി റബ്ബർ പാലൊഴുകുന്ന ഭൂമി ഓതറയിൽ ലഭിച്ചതിൽ മതിമറന്ന് സന്തോഷിക്കയാണ് റ്റി.എസ്. എബ്രഹാം. ഒരു കോടിയിലധികം രൂപ വിലവരുന്ന വീട്ടിലാണ് പുത്രന്റെ താമസം. കുടുംബസ്വത്തായി ഒരു ബൈബിൾ മാത്രം കിട്ടിയ ചങ്ങാതിയുടെ വളർച്ച അത്യുഗ്രമെന്നേ പറയേണ്ണ്ടു.

പെന്തക്കൊസ്ത് ഉപദേശം മിക്കവാറും ദൈവ വചനാനുസൃതമാണ്. ഇതിനേക്കാൾ ശരിയായ വിശ്വാസ പ്രമാണമുള്ള മറ്റൊരു ക്രൈസ്തവ സഭയും ഇല്ല. പക്ഷേ കള്ളനാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു എന്ന സാമ്പത്തിക ശാസ്ത്ര സിദ്ധാന്തം പെന്തക്കോസ്ത് സഭകളിൽ അന്വർത്ഥമാണ്. ജീവനുള്ള ദൈവത്തിന്റെ ദാസന്മാർക്ക് സഭയിൽ സ്ഥാനമില്ല. കള്ളപ്പണക്കാർ, ദുർന്നടപ്പുകാർ, അധികാരമോഹികൾ, ശുദ്ധകള്ളന്മാർ തുടങ്ങിയവരുടെയൊക്കെ കൈകളിലാണ് അധികാരം ഇരിക്കുന്നത്. ഈ പോക്ക് നാശത്തിലേക്കാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** റ്റി.എസ്. ബാലന് പ്രമേഹ രോഗം വന്നത് ദൈവകോപം കൊണ്ടാണ്. അനേകദൈവദാസന്മാരെ അവഹേളിച്ചതിന് ദൈവം കൊടുത്ത ശിക്ഷയാണിത്. അധികം താമസിയാതെ റ്റി.എസ്. ബാലൻ മരിച്ചു പോകും.
- അച്ചൻകുഞ്ഞ്, ഇലന്തൂർ

■ മരണത്തിലേയ്ക്കുള്ള നീക്കുപോക്ക് ദൈവത്തിനു മാത്രം അധികാരപ്പെട്ട കാര്യമാണ്. സത്യത്തിൽ വിട്ടുപിരിഞ്ഞ ക്രിസ്തുവിനോടു കൂടെ ഇരിക്കുവാൻ ഞാനേറെ കൊതിക്കുന്ന ദിവസങ്ങളുമായിരുന്നു. എങ്കിലും ദൈവം വിളിക്കാതെ പോകാൻ പറ്റില്ലല്ലോ. രക്ഷിക്കപ്പെട്ടവന് മരണത്തെ ഭയമില്ല. ഞാൻ രക്ഷിക്കപ്പെട്ടവനാണ്. അതുകൊണ്ട് എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആണ്.

ഇനി പ്രമേഹത്തിന്റെ കാര്യം. എനിക്ക് പ്രമേഹം ബാധിച്ചിട്ട് 8 വർഷം ആയി. എന്റെ അറിവിൽ പെട്ടിടത്തോളം പെന്തക്കോസ്ത് നേതാക്കന്മാരിൽ ഭൂരിപക്ഷവും പ്രമേഹരോഗികൾ ആണ്. എനിക്ക് പ്രമേഹം ഒഴികെ മറ്റൊരു രോഗവും ഇപ്പോഴില്ല.

പ്രമേഹം വരുന്നത് ദൈവകോപം കൊണ്ടാണെങ്കിൽ ലോകമെമ്പാടുമുള്ള സർവ്വ പ്രമേഹരോഗികളും ദൈവകോപത്തിന് ഇരയായവർ ആണ്. ഇത് ശരിയായ വ്യാഖ്യാനമാണോ?

റ്റി.എസ്. ബാലന് പ്രമേഹം വന്നത് ദൈവകോപം കൊണ്ടാണെങ്കിൽ പെന്തക്കോസ്ത് നേതാക്കന്മാർക്ക് പ്രമേഹം വന്നത് ഏതു കാരണത്താലാണ്? ബാലന് രോഗം വന്നത് ദൈവകോപം കൊണ്ട്, മറ്റുള്ളവർക്ക് വന്നത് വിശ്വാസത്തിന്റെ പരിശോധന. ഇങ്ങനെയാവും വ്യാഖ്യാനം.

ദൈവം ബാലനോട് അസാധാരണമായി കോപിക്കത്തക്ക രീതിയിൽ എന്തു തെറ്റാണ് ബാലൻ ചെയ്തത്? ബാലൻ ദുർന്നടപ്പുകാരനാണോ? ദ്രവ്യാഗ്രഹിയാണോ? അധികാരമോഹിയാണോ? ദുരുപദേശക്കാരനാണോ? എന്താണ് ബാലൻ ചെയ്തത്? ഒരു കുഴപ്പമേ ബാലൻ ഉണ്ടാക്കിയുള്ളൂ. പെന്തക്കോസ്ത് സഭകളിൽ നടമാടുന്ന തിന്മകൾക്കെതിരെ ബാലൻ സന്ധിയില്ലാസമരത്തിനിറങ്ങി. നിശിതമായ ഭാഷയിൽ വിമർശിച്ചു. ആരുടേയും പ്രലോഭനങ്ങളിൽ വീഴാതെ, തെറ്റുകാർ - അവർ എത്ര ഉന്നതരായാലും വിമർശന വിധേയരായി. ഇതാണ് ബാലൻ ചെയ്ത ഏക മഹാപാപം.

എന്നാൽ അച്ചൻകുഞ്ഞിനെപ്പോലുള്ളവർ ചെയ്തത് എന്ത്? ബാലന് അറിവുള്ളതിലധികം നന്നായി പെന്തക്കോസ്തിലെ തിന്മകൾ അച്ചൻകുഞ്ഞിന് അറിയാം. എന്നിട്ടും അതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കാൻ അച്ചൻകുഞ്ഞിനെപ്പോലുള്ളവർക്ക് കഴിഞ്ഞിട്ടില്ല. അച്ചൻകുഞ്ഞ് ഒരു വീട് വച്ചപ്പോൾ പ്രാർത്ഥിക്കാൻ വിളിച്ചുകൊണ്ടു വന്നത് സാക്ഷാൽ റ്റി.എസ്. ഏബ്രഹാമിനെയാണ്. ദൈവകൃപയിൽ നിൽക്കുന്ന ഏതെങ്കിലും ഒരു പാവപ്പെട്ട ദൈവദാസനെ വിളിച്ച് പ്രാർത്ഥിച്ചാൽ മതിയായിരുന്നില്ലേ? അച്ചൻകുഞ്ഞിനു വേണ്ടത് മനുഷ്യരിൽ നിന്നും ലഭിക്കുന്ന മാനമാണ്. അതിനായി എത്രത്തോളം തരംതാഴാമോ, അച്ചൻകുഞ്ഞ് തയ്യാർ. റ്റി.എസ്. ബാലനും അച്ചൻകുഞ്ഞും തമ്മിലുള്ള വ്യത്യാസം ഇവിടെയാണ് വെളിപ്പെടുന്നത്.

തനിക്കുള്ളതൊക്കെയും വിറ്റാണ് റ്റി.എസ്. ബാലൻ ക്രിസ്തു എന്ന മുത്തിനെ വാങ്ങിയത്. ഈ മുത്ത് നഷ്ടമായാൽ റ്റി.എസ്. ബാലന് ഒന്നും ഇല്ലാതെയാകും. അതല്ലാ, അച്ചൻകുഞ്ഞിന്റെ സ്ഥിതി. മാർത്തോമ്മായിൽ നിന്നും പെന്തക്കോസ്തിൽ വന്ന അച്ചൻകുഞ്ഞിന് കാര്യമായി ഒന്നും നഷ്ടമാക്കേണ്ടി വന്നില്ല. അതുകൊണ്ട് ക്രിസ്തീയ ജീവിതത്തിന്റെ വില അച്ചൻകുഞ്ഞിന് അറിഞ്ഞുകൂടാ.

റ്റി.എസ്. ബാലൻ എന്ന ഈയുള്ളവൻ ഏതു നിമിഷവും മരിച്ചേക്കാം. പക്ഷേ, അത് ദൈവകോപം കൊണ്ടല്ല, ദൈവ പദ്ധതി പ്രകാരം ആയിരിക്കും എന്നു മാത്രം.


## സാത്താന് സഭയുണ്ടോ?

**സാത്താന് സഭയുണ്ടെന്ന് എലൈൻ പറയുന്നു.**
**ആരാണ് എലൈൻ?**
**സാത്താന്റെ സഭയിലെ അംഗവും സാത്താന്റെ മണവാട്ടികളിൽ ഒരാളുമായിരുന്നു എലൈൻ എന്ന വനിത.**
**സാത്താനേക്കുറിച്ചും സാത്താന്റെ സഭയേക്കുറിച്ചും അവർ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നു.**

വായിക്കുക:

**അവൻ ബന്ധിതരെ മോചിപ്പിക്കുവാൻ വന്നു.** (125 രൂപ)
**യുദ്ധത്തിനായി ഒരുങ്ങുക.** (110 രൂപ)

**ബൈബിളുകൾ, പാട്ടുപുസ്തകങ്ങൾ, ക്രൈസ്തവ ഗ്രന്ഥങ്ങൾ, കാസറ്റുകൾ, സി.ഡികൾ തുടങ്ങിയവയും ലഭിക്കുന്നു.**

**പെരുമ്പാവൂർ ബുക്സ്**
**ബെസ്റ്റ് കോംപ്ലക്സ്, കെ.എസ്.ആർ.റ്റി.സിക്ക് സമീപം, പെരുമ്പാവൂർ. ഫോൺ: 0484-2592249 Mob: 94474 14608**

*(പേജ് 3 തുടർച്ച... വിവാഹനിയമം..)*

ന്യായമായ എല്ലാ സമയങ്ങളിലും, പ്രാപ്യമായിരിക്കുന്നതും ആകുന്നു.

41. നോട്ടീസ് നൽകിയതിന്റെയും ശപഥം ചെയ്തതിന്റെയും സർട്ടിഫിക്കറ്റ് - നോട്ടീസ് നൽകിയ കക്ഷി, ഇതി നുശേഷം അടുത്തു പറയുന്ന സർട്ടിഫിക്കറ്റ് നൽകാൻ വിവാഹ രജിസ്ട്രാറോട് അപേക്ഷിക്കുകയും, വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ, ഇതിൽ ഇതിനുശേഷം ആവശ്യപ്പെടുന്നതുപോലെ ശപഥം ചെയ്തിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നും, അങ്ങനെയുള്ള ശപഥം ചെയ്തിട്ടുണ്ടെന്നും ഉള്ളതിന്ന്, തന്റെ ഒപ്പുവച്ച ഒരു സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രാർ നൽകേണ്ടതാകുന്നു:

പരിമിതി വ്യവസ്ഥ - എന്നാൽ അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകാതിരിക്കാൻ നിയമാനുസൃതമായ വിഘ്നം ഉള്ളതായി അയാൾക്ക് ബോദ്ധ്യപ്പെടുന്ന വിധം കാണിച്ചിരിക്കാൻ പാടില്ലാത്തതും;

അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകുന്നത്, ഇതിൽ ഇതിനുശേഷം പറഞ്ഞിട്ടുള്ള രീതിയിൽ, ഈ ആക്റ്റിൻ കീഴിൽ വിലക്കാൻ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആളാൽ വിലക്കപ്പെട്ടിരിക്കാൻ പാടില്ലാത്തതും;

നോട്ടീസ് കിട്ടിയതിനു ശേഷം നാലു ദിവസം കഴിഞ്ഞിരിക്കേണ്ടതും;

എന്നുമാത്രമല്ല;

വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ മൈനർ ആണെന്ന് അങ്ങനെയുള്ള ശപഥത്താൽ കാണുന്നിടത്ത്, അങ്ങനെയുള്ള നോട്ടീസ് ചേർത്തതിനു ശേഷം പതിനാലു ദിവസം കഴിഞ്ഞിരിക്കേണ്ടതും, ആകുന്നു.

42. സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പുള്ള ശപഥം - ഏതെങ്കിലും വിവാഹ രജിസ്ട്രാർ, 41-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്, വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ, അങ്ങനെയുള്ള വിവാഹ രജിസ്ട്രാറുടെ മുമ്പാകെ നേരിട്ട് ഹാജരാവുകയും,-

(ക) മുൻപറഞ്ഞ വിവാഹത്തിന്, ഏതെങ്കിലും കുലബന്ധത്തിന്റെയോ വിവാഹ ബന്ധുത്വത്തിന്റെയോ ഏതെങ്കിലും വിഘ്നതമോ, മറ്റു നിയമാനു സൃതമായ തടസ്സമോ ഇല്ലെന്ന് അയാളോ അവളോ വിശ്വസിക്കുന്നുവെന്നും,

(ഖ) ഇരുകക്ഷികളുടേയും, അല്ലെങ്കിൽ (അവർ വ്യത്യസ്ത വിവാഹ രജിസ്ട്രാർമാരുടെ ജില്ലകളിൽ വസിച്ചിട്ടുള്ളിടത്ത്) അങ്ങനെയുള്ള ശപഥം ചെയ്യുന്ന കക്ഷിയുടെ സാധാരണ വാസസ്ഥലം അങ്ങനെയുള്ള വിവാഹ രജിസ്ട്രാറുടെ ജില്ലയ്ക്കുള്ളിൽ ആയിരുന്നിട്ടുണ്ടെന്നും,

ഇരുകക്ഷികളിൽ ഏതെങ്കിലും ഒരാളോ ഓരോരുത്തരുമോ മൈനർ ആയിട്ടുള്ളിടത്ത്-

(ഗ) അതതു സംഗതി പോലെ, അങ്ങനെയുള്ള വിവാഹത്തിന് നിയമം അതിലേയ്ക്ക് ആവശ്യപ്പെടുന്ന സമ്മതമോ സമ്മതങ്ങളോട ലഭിച്ചിട്ടുണ്ടെന്നും, അല്ലെങ്കിൽ, അങ്ങനെയുള്ള സമ്മതം നൽകുവാൻ പ്രാധികാരമുള്ള യാതൊരാളും ഇന്ത്യയിൽ താമസമില്ലെന്നോ ശപഥം ചെയ്യുകയും,

ചെയ്യുന്നതു വരെ, നൽകാൻ പാടുള്ളതല്ല.

43. പതിന്നാലു ദിവസത്തിലും കുറഞ്ഞ സമയത്തിനുള്ളിൽ സർട്ടിഫിക്കറ്റിന് ഉത്തരവു ചെയ്യാൻ ഹൈക്കോടതിക്കുള്ള ഹർജി - വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികളിൽ ഒരാൾ മമൈനറായിരിക്കുകയും, അങ്ങനെയുള്ള കക്ഷികൾ ഇരുവരും ആ സമയത്ത് കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും താമസമുള്ളവരും, മുൻപറഞ്ഞ പോലെയുള്ള നോട്ടീസ് ചേർത്തതിനു ശേഷം പതിന്നാലു ദിവസത്തിലും കുറഞ്ഞ സമയത്തിനുള്ളിൽ വിവാഹിതരാകാൻ ആഗ്രഹിക്കുന്നവരും ആയിരിക്കുകയും ചെയ്യുമ്പോൾ, വിവാഹ നോട്ടീസ് നൽകപ്പെട്ടിട്ടുള്ള ഒരു വിവാഹ രജിസ്ട്രാറോട് 41-ാം വകുപ്പ് ആവശ്യപ്പെടുന്ന മുൻപറഞ്ഞ പതിന്നാലു ദിവസം കഴിയുന്നതിനു മുമ്പായി അയാൾ സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശിക്കുന്ന ആൾക്കുള്ള ഒരു ഉത്തരവിനായി ഹൈക്കോടതിയിലെ ഒരു ജഡ്ജിയോട് ഹർജി വഴി അവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഹർജിയിന്മേലുള്ള ഉത്തരവ് - മതിയായ കാരണം കാണിക്കപ്പെടുന്നതിൻമേൽ മുൻപറഞ്ഞ ജഡ്ജിക്ക് സ്വവിവേകം ഉപയോഗിച്ച്, അങ്ങനെയുള്ള വിവാഹ രജിസ്ട്രാറോട്, അപ്രകാരം ആവശ്യകമായ പതിന്നാലു ദിവസം കഴിയുന്നതിനു മുമ്പുള്ള ഏതെങ്കിലും സമയത്ത്, - അത് ഉത്തരവിൽ പറഞ്ഞിരിക്കേണ്ടതാണ് - അയാളുടെ സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശിക്കുന്ന അയാൾക്കുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതും,

മുൻപറഞ്ഞ വിവാഹ രജിസ്ട്രാർ, മുൻപറഞ്ഞ ഉത്തരവ് കിട്ടുന്നതിൻമേൽ അതിനനുസൃതമായി, തന്റെ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാകുന്നു.

44. പിതാവിന്റെയോ രക്ഷകർത്താവിന്റെയോ സമ്മതം - വിവാഹത്തിലെ ഇരുകക്ഷികളിൽ ആരെങ്കിലും മൈനർ ആയിട്ടുള്ള, ഈ ഭാഗത്തിൻ കീഴിലെ ഏതൊരു വിവാഹത്തിനും 19-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും;

സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിനെതിരായുള്ള പ്രതിഷേധം - ഏതാളുടെ സമ്മതമാണോ, അതിൻകീഴിൽ അങ്ങനെയുള്ള വിവാഹത്തിന് ആവശ്യമാകുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക്, വിവാഹ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് നൽകുന്നതിനെതിരായി ഒരു പ്രതിഷേധം കുറിക്കാവുന്നതും, അങ്ങനെ പ്രതിഷേധം കുറിക്കുന്നത് അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പുള്ള ഏതെങ്കിലും സമയത്ത്, വിവാഹ നോട്ടീസ് ബുക്കിൽ അങ്ങനെയുള്ള ഉദ്ദിഷ്ട വിവാഹ നോട്ടീസ് ചേർത്തതിന്റെ നേരേ 'വിലക്കിയിരിക്കുന്നു' എന്ന വാക്ക് എഴുതിയും, അയാളുടെയോ അവളുടെയോ പേരും വാസസ്ഥലവും, ഇരുകക്ഷികളിൽ ആരെയെങ്കിലും സംബന്ധിച്ചുള്ള തന്റെ ഏതാസ്ഥാനം കാരണമായാണോ, അയാളോ അവളോ അപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ടിരിക്കുന്നത്, ആ സ്ഥാനവും കാണിച്ച് ഒപ്പുവച്ചും ആയിരിക്കേണ്ടതും ആകുന്നു.

പ്രതിഷേധത്തിന്റെ പ്രഭാവം - അങ്ങനെയുള്ള പ്രതിഷേധം കുറിക്കപ്പെട്ടിരിക്കുമ്പോൾ, പ്രതിഷേധത്തിന്റെ കാര്യം വിവാഹ രജിസ്ട്രാർ പരിശോധിക്കുകയും, അത് മുൻപറഞ്ഞ വിവാഹത്തിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനെ തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ലെന്ന് തനിക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്നതു വരെയോ, പ്രതിഷേധം കുറിച്ച ആൾ അത് പിൻവലിക്കുന്നതുവരെയോ, യാതൊരു സർട്ടിഫിക്കറ്റും നൽകപ്പെടാൻ പാടുള്ളതല്ല.

45. ആരുടെ സമ്മതമാണോ ആവശ്യമായിട്ടുള്ളത്, അയാൾ ചിത്തഭ്രമമുള്ളവനായിരിക്കുകയോ, അന്യായമായി സമ്മതം നൽകാതിരിക്കുകയോ ചെയ്യുന്നിടത്തെ ഹർജി - ആരുടെ സമ്മതമാണോ ഈ ഭാഗത്തിൻകീഴിൽ ഏതെങ്കിലും വിവാഹത്തിന് ആവശ്യമായിട്ടുള്ളത്, ആ ആൾ, ചിത്തഭ്രമമുള്ളവനായിരിക്കുകയോ, അല്ലെങ്കിൽ,

(പിതാവല്ലാത്ത) അങ്ങനെയുള്ള ഏതെങ്കിലും ആൾ ന്യായമായ കാരണം കൂടാതെ വിവാഹത്തിനുള്ള, അയാളുടെ സമ്മതം നൽകാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ,

വിവാഹത്തിന് ഉദ്ദേശിക്കുന്ന കക്ഷികൾക്ക്, ആരുടെ സമ്മതമാണോ ആവശ്യമായിരിക്കുന്നത്, ആ ആൾ, കൽക്കട്ട മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും താമസമുള്ളവനായിരിക്കുന്നിടത്ത്, ഹൈക്കോടതിയിലെ ഒരു ജഡ്ജിയോടോ, അയാൾ മുൻപറഞ്ഞ നഗരങ്ങളിൽ ഒന്നിലും താമസമുള്ളവനല്ലെങ്കിൽ, ജില്ലാ ജഡ്ജിയോടോ, ഹർജി വഴി അപേക്ഷിക്കാവുന്നതും;

ഹർജിയിന്മേലുള്ള നടപടിക്രമം - അതതു സംഗതി പോലെ, മുൻപറഞ്ഞ ഹൈക്കോടതി ജഡ്ജിക്കോ, ജില്ലാ ജഡ്ജിക്കോ, ഹർജിയിൽ പറഞ്ഞിട്ടുള്ള സംഗതികൾ സമ്മറിയായി പരിശോധിക്കാവുന്നതും;

പരിശോധനയിൽ, അങ്ങനെയുള്ള വിവാഹം സമുചിതമായതാണെന്നു കാണുന്നുവെങ്കിൽ, അതതു സംഗതി പോലെ, അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജിയോ, ജില്ലാ ജഡ്ജിയോ, ആ വിവാഹം സമുചിതമായ വിവാഹമാണെന്ന് പ്രഖ്യാപിക്കേണ്ടതുമാകുന്നു.

അങ്ങനെയുള്ള പ്രഖ്യാപനത്തിന്, ആരുടെ സമ്മതമാണോ വേണ്ടിയിരുന്നത്, ആ ആൾ, ആ വിവാഹത്തിന് സമ്മതിച്ചിട്ടുണ്ടായിരുന്നാലെന്ന പോലെ അതേ പ്രഭാവമുണ്ടായിരിക്കുന്നതും;

വിവാഹ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് നൽകുന്നത് അയാൾ വിലക്കിയിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകപ്പെടേണ്ടതും, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് വിലക്കിയിട്ടുണ്ടായിരുന്നെങ്കിലെന്ന പോലെ ആ വിവാഹം സംബന്ധിച്ച്, സദൃശ നടപടികൾ ഈ ഭാഗത്തിൻ കീഴിൽ സ്വീകരിക്കപ്പെടാവുന്നതുമാണ്.

46. വിവാഹ രജിസ്ട്രാർ, സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മതിക്കുമ്പോഴത്തെ ഹർജി. വിവാഹ രജിസ്ട്രാർ, ഈ ഭാഗത്തിൻ കീഴിലെ ഒരു സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മതിക്കുമ്പോഴെല്ലാം, വിവാഹത്തിന് ഉദ്ദേശിക്കുന്ന ഇരുകക്ഷികളിൽ ആർക്കെങ്കിലും, അങ്ങനെയുള്ള രജിസ്ട്രാരുടെ ജില്ലാ കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും അല്ലാത്തിടത്ത്, ജില്ലാ ജഡ്ജിയോടോ ഹർജി വഴി അപേക്ഷിക്കാവുന്നതാണ്.

ഹർജിയിൻമേലുള്ള നടപടിക്രമം - അതതു സംഗതി പോലെ, മുൻപറഞ്ഞ ഹൈക്കോടതി ജഡ്ജിക്കോ, ജില്ലാ ജഡ്ജിക്കോ, ഹർജിയിൽ പറഞ്ഞിട്ടുള്ള സംഗതികൾ സമ്മറിയായി പരിശോധിക്കാവുന്നതും, അദ്ദേഹം അതിൻമേൽ തീരുമാനം എടുക്കേണ്ടതും ആകുന്നു.

അതതു സംഗതി പോലെ. അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജിയുടെയോ ജില്ലാ ജഡ്ജിയുടെയോ തീരുമാനം അന്തിമമായിരിക്കുന്നതും, ഏതു വിവാഹ രജിസ്ട്രാർക്കാണോ ഒരു സർട്ടിഫിക്കറ്റ് നൽകാനുള്ള അപേക്ഷ ആദ്യമായി കൊടുത്തത്, ആ വിവാഹ രജിസ്ട്രാർ ആ തീരുമാനമനുസരിച്ച് നടപടി തുടരേണ്ടതുമാകുന്നു.

47. ഇന്ത്യൻ സ്റ്റേറ്റിലെ വിവാഹ രജിസ്ട്രാർ സർട്ടിഫിക്കറ്റ് നിഷേധിക്കുമ്പോഴത്തെ ഹർജി - 1950-ലെ ഏ. ഓയാൽ റദ്ദാക്കപ്പെട്ടു.

48. രജിസ്ട്രാർ വിലക്കുന്ന ആളുടെ പ്രാധികാരത്തെ സംശയിക്കുമ്പോഴത്തെ ഹർജി - സർട്ടിഫിക്കറ്റ് നൽകുന്നത് വിലക്കുന്ന ആളെ അപ്രകാരം ചെയ്യുവാൻ നിയമം പ്രാധികാരപ്പെടുത്തുന്നുണ്ടെന്ന് 44-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കു കീഴിൽ പ്രവർത്തിക്കുന്ന വിവാഹ രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടാത്തപ്പോഴെല്ലാം, ആ വിവാഹ രജിസ്ട്രാർ, തന്റെ ജില്ല കൽക്കട്ടാ, മദ്രാസ്, ബോംബെ എന്നീ നഗരങ്ങളിൽ ഏതിലെങ്കിലും ആയിരിക്കുന്നിടത്ത് ഹൈക്കോടതിയിലെ ഒരു ജഡ്ജിയോടോ, അങ്ങനെയുള്ള ജില്ല മുൻപറഞ്ഞ നഗരങ്ങളിൽ ഏതിലെങ്കിലും അല്ലാത്തിടത്ത്, ജില്ലാ ജഡ്ജിയോടോ ഹർജി വഴി അപേക്ഷിക്കേണ്ടതാകുന്നു.

ഹർജിയിൻമേലുള്ള നടപടിക്രമം - മുൻപറഞ്ഞ ഹർജി, കേസിന്റെ എല്ലാ പരിതഃസ്ഥിതികളും പ്രസ്താവിക്കുകയും, അതു സംബന്ധിച്ചുള്ള കോടതിയുടെ ഉത്തരവിനും നിർദ്ദേശത്തിനും പ്രാർത്ഥിക്കുകയും ചെയ്യേണ്ടതും, അതതു സംഗതി പോലെ, മുൻ പറഞ്ഞ ഹൈക്കോടതി ജഡ്ജി യോ ജില്ലാ ജഡ്ജിയോ, ഹർജി യിൽ പറഞ്ഞിട്ടുള്ള സംഗതികളും, കേസിന്റെ പരിതഃസ്ഥിതികളും പരിശോധിക്കേണ്ടതും;

അങ്ങനെയുള്ള പരിശോധനയിന്മേൽ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് വിലക്കുന്ന ആളെ അപ്രകാരം ചെയ്യുവാൻ നിയമം പ്രാധികാരപ്പെടുത്തുന്നില്ലെന്ന് കാണപ്പെടുന്നുവെങ്കിൽ, അതതു സംഗതി പോലെ, അങ്ങനെയുള്ള ഹൈക്കോടതി ജഡ്ജിയോ ജില്ലാ ജഡ്ജിയോ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകുന്നത് വിലക്കുന്ന ആൾ മുൻപറഞ്ഞതു പോലെ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പ്രഖ്യാപിക്കേണ്ടതും,

അതോടെ, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകപ്പെടേണ്ടതും, അതു നൽകുന്നത് വിലക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിലെന്ന പോലെ അങ്ങനെയുള്ള വിവാഹം സംബന്ധിച്ച് സദൃശനടപടികൾ സ്വീകരിക്കപ്പെടാവുന്നതുമാണ്.

49. സർട്ടിഫിക്കറ്റ് നൽകുന്നെതിനെതിരായുള്ള നിസ്സാരമായ പ്രതിഷേധം സംബന്ധിച്ച ബാദ്ധ്യത - ഏതെങ്കിലും സർട്ടിഫിക്കറ്റ് നൽകുന്നതിനെതിരായി, ഈ ഭാഗത്തിൻ കീഴിൽ, വിവാഹ രജിസ്ട്രാരുടെ അടുക്കൽ 44-ാം വകുപ്പിൻ കീഴിൽ അങ്ങനെയുള്ള വിവാഹ രജിസ്ട്രാറോ, അല്ലെങ്കിൽ 45-ാം വകുപ്പിനോ 46-ാം വകുപ്പിനോ കീഴിൽ ഒരു ഹൈക്കോടതി ജഡ്ജിയോ, ജില്ലാ ജഡ്ജിയോ, നിസ്സാരമായ സർട്ടിഫിക്കറ്റ് നൽകുന്നതിനെ തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതും ആണെന്ന് പ്രഖ്യാപിക്കുന്ന കാരണങ്ങളിന്മേൽ പ്രതിഷേധം കുറിക്കുന്ന ഏതൊരാളും, അതു സംബന്ധിച്ചുള്ള എല്ലാ നടപടികളുടേയും കോടതിച്ചെലവിനും നഷ്ടപരിഹാരത്തിനും ബാദ്ധ്യസ്ഥനായിരിക്കുന്നതും, നഷ്ടപരിഹാരം; ആരുടെ വിവാഹത്തിനെതിരായിട്ടാണോ അങ്ങനെയുള്ള പ്രതിഷേധം കുറിക്കപ്പെട്ടിരിക്കുന്നത്, അയാൾ വസൂലാക്കുന്നത്, വ്യവഹാരം വഴിയായിരിക്കേണ്ടതുമാകുന്നു.

50. സർട്ടിഫിക്കറ്റിന്റെ ഫാറം - 41-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ വിവാഹ രജിസ്ട്രാർ നൽകേണ്ട സർട്ടിഫിക്കറ്റ്, ഈ ആക്റ്റിനോടനുബന്ധിച്ചിട്ടുള്ള രണ്ടാം പട്ടികയിൽ അടങ്ങിയ ഫാറത്തിലുള്ളതോ, ആ അർത്ഥത്തിലുള്ളതോ ആയിരിക്കേണ്ടതും, സ്റ്റേറ്റ് ഗവൺമെന്റ്, ഏതൊരു വിവാഹ രജിസ്ട്രാർക്കും മതിയായത്ര സർട്ടിഫിക്കറ്റ് ഫാറങ്ങൾ നൽകേണ്ടതുമാകുന്നു.

51. സർട്ടിഫിക്കറ്റ് നൽകിയതിനു ശേഷം വിവാഹം ആഘോഷിച്ചു കൊടുക്കുന്നത് - വിവാഹ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് നൽകിയതിനു ശേഷമോ,

ഈ ആക്റ്റിൻ കീഴിൽ, വ്യത്യസ്ത ജില്ലകളിലെ വിവാഹ രജിസ്ട്രാർമാർക്ക് നോട്ടീസ് കൊടുക്കേണ്ടതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള ജില്ലകളിലെ വിവാഹ രജിസ്ട്രാർമാരുടെ സർട്ടിഫിക്കറ്റുകൾ നൽകിയതിനു ശേഷമോ,

അങ്ങനെയുള്ള സർട്ടിഫിക്കറ്റിലോ സർട്ടിഫിക്കറ്റുകളിലോ വിവരിച്ചിരിക്കുന്ന കക്ഷികളുടെ വിവാഹത്തിന് നിയമാനുസൃതമായ യാതൊരു വിഘ്നതവും ഇല്ലെങ്കിൽ അവർ തമ്മിൽ സ്വീകരിക്കുന്നത് യുക്തമെന്ന് അവർക്ക് തോന്നുന്ന സമ്പ്രദായവും അടിയന്തരവും അനുസരിച്ച്, വിവാഹം ആഘോഷിക്കപ്പെടാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഏതൊരു വിവാഹവും ഏതെങ്കിലും വിവാഹ രജിസ്ട്രാറുടേയും, അയാൾക്കു പുറമേ രണ്ടോ അതിലധികമോ വിശ്വാസ്യരായ സാക്ഷികളുടേയും സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെടേണ്ടതും, ആ വിവാഹ രജിസ്ട്രാർക്ക് മുൻപറഞ്ഞ

(ശേഷം 7 പേജിൽ)

# വിജയിക്കാൻ കഴിയുമെന്ന് വിശ്വസിച്ചാൽ നിങ്ങൾ വിജയിക്കും

ഡേവിഡ് ജെ. ഷ്വാർട്ട്സ്

അത്ഭുതകരവും ഗുണകരവുമായ നിരവധി കാര്യങ്ങളുടെ ആകെ ത്തുകയാണ് വിജയം. അത് വ്യക്തിപരമായ ഉന്നതിയാണ്: നല്ല വീട്, ഒഴിവുകാലം, വിനോദയാത്ര, പുതിയ വസ്തുക്കൾ, സാമ്പത്തിക സുരക്ഷിതത്ത്വം, നമ്മുടെ കുട്ടികൾക്ക് പരമാവധി നൻമയുണ്ടാകൽ തുടങ്ങി പലതുമാണത്. പ്രശംസ നേടുക, നേതൃത്വത്തിൽ എത്തുക, ബിസിനസ്സിലും സാമൂഹ്യ ജീവിതത്തിലും മറ്റുള്ളവരുടെ ബഹുമാനം നേടുക തുടങ്ങിയ തൊക്കെ ഇതിൻെറ ഭാഗമാണ്.

വിജയം സ്വാതന്ത്ര്യമാണ്: ആകുലചിന്ത, ഭയം, നിരാശ, പരാജയം തുടങ്ങിയവയിൽ നിന്നുള്ള സ്വാതന്ത്ര്യമാണത്. ആത്മാഭിമാനവും ജീവിതത്തിൽ നിന്നും പരമാവധി സന്തോഷവും സംതൃപ്തിയും നമ്മെ ആശ്രയി ക്കുന്നവർക്ക് കൂടുതൽ സന്തോഷം നൽകുവാനുള്ള കഴിവും വിജയം പ്രദാനം ചെയ്യുന്നു. വിജയം എന്നത് നേട്ടമാണ് ജീവിതാഭിലാഷങ്ങളുടെ നേട്ടം.

എല്ലാ മനുഷ്യരും വിജയം കാംഷിക്കുന്നു. ഈ ജീവിതത്തിൽ നിന്നും ലഭിക്കാവുന്നതിൻെറ പരമാവധി നേടുവാൻ ആഗ്രഹിക്കുന്നു. ദാരിദ്ര്യത്തിലൂടെ ഇഴഞ്ഞു നീങ്ങുവാൻ ആരും ആഗ്രഹിക്കുന്നില്ല. രണ്ടാം തരക്കാരനായിരിക്കാനോ ആ നിലയിൽ തുടരാനോ ആഗ്രഹിക്കുന്നുമില്ല. വിശ്വാസത്താൽ മലകളെ മാറ്റാൻ കഴിയും എന്ന ബൈബിൾ വാക്യത്തിൽ വിജയത്തിൻെറ പ്രായോഗികത വെളിപ്പെടുന്നു. വിശ്വസിക്കുക, ശരിയായി വിശ്വസിക്കുക, നിങ്ങ ൾക്ക് മലകളെ നീക്കുവാൻ കഴിയും. പക്ഷേ, തങ്ങൾക്ക് മലകളെ നീക്കാൻ കഴിയുമെന്ന് മിക്കവരും വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഏറെപ്പേർ മല കളെ നീക്കാറുമില്ല.

"മലയേ, മാറിപ്പോകുക" എന്ന് കല്പിക്കുന്നതിലൂടെ മലകൾ നീക്കാൻ കഴിയുന്നതെങ്ങനെ എന്ന് പലരും സംശയം പ്രകടിപ്പിക്കുന്നത് നിങ്ങൾ കേട്ടിരിക്കാം. വിശ്വാസവും ആഗ്രഹവും തമ്മിലുള്ള വ്യത്യാസം ഇവർക്ക് അറിഞ്ഞുകൂടാ. കേവലം ആഗ്രഹത്തിലൂടെ നിങ്ങൾക്ക് മലകളെ നീക്കുവാനും കഴിയുന്നതല്ല. ഉന്നതമായ ഉദ്യോഗം ലഭിക്കണം എന്ന് ആഗ്രഹിച്ച തുകൊണ്ട് മാത്രം നിങ്ങൾ അത് നേടുകയില്ല. അഞ്ചു കിടപ്പു മുറികളും മൂന്ന് കുളിമുറികളും ഉള്ള ഒരു വീട് കിട്ടിയാൽ കൊള്ളാം എന്ന് ആഗ്രഹിച്ച തുകൊണ്ട് അത് കിട്ടണമെന്നില്ല. നേതാവാകാൻ ആഗ്ര ഹിച്ചതു കൊണ്ട് നേതാവാകണമെന്നുമില്ല.

എന്നാൽ വിശ്വാസത്താൽ നിങ്ങൾക്ക് മലകളെ നീക്കാൻ കഴിയും. വിജയിക്കും എന്ന വിശ്വാസത്താൽ നിങ്ങൾക്ക് വിജയിക്കാൻ കഴിയും. വിശ്വാസത്തിൻെറ ശക്തിയിൽ അതീന്ദ്രിയമോ മാന്ത്രികമോ ആയ ഒന്നുമില്ല. കാരണം, വിശ്വാസം ഈ രീതിയിലാണ് ഫലിക്കുന്നത്: 'എനിക്ക് അത് ചെയ്യാൻ കഴിയും' എന്ന വിശ്വാസം അത് ചെയ്യാൻ ആവശ്യമായ കഴിവും ശക്തിയും നിങ്ങളിൽ ഉളവാക്കുന്നു. നിങ്ങ ൾക്ക് അത് ചെയ്യാൻ കഴിയും എന്ന വിശ്വാസം ഉണ്ടാകുന്നതോടെ അത് എങ്ങനെ ചെയ്യണം എന്നുള്ള ചോദ്യത്തിന് മറുപടി ഉണ്ടാകുന്നു.

എല്ലാ ദിവസവും അനേകർ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നു. അത് വിജയിക്കുമെന്നും താൻ ഉന്നതിയിലെത്തുമെന്നും അവർ ആശിക്കുന്നു. പക്ഷേ, അവരിൽ മിക്കവർക്കും അത് ഉന്നതിയിൽ എത്തിക്കാൻ ആവശ്യമായ വിശ്വാസം ഉണ്ടായിരിക്കില്ല. അതുകൊണ്ട് അവർ ഉയരുന്നുമില്ല. ഉന്നതി പ്രാപിക്കാൻ കഴിയില്ല എന്ന വിശ്വാസം മൂലം അവർക്ക് ഉന്നതിയിലേക്കുള്ള പടവുകൾ കണ്ടെത്താൻ കഴിയാതെ പോകുന്നു. അവർ എന്നെന്നും ശരാശരി വ്യക്തികൾ മാത്രമായിരിക്കും.

എന്നാൽ ഇവരിൽ ഒരു ചെറിയ കൂട്ടം ആളുകൾ തങ്ങൾക്ക് വിജയിക്കാൻ കഴിയും എന്ന് വിശ്വസിക്കുന്നു. "ഞാൻ ഉന്നതി പ്രാപിക്കാൻ പോകുന്നു" എന്ന വിശ്വാസത്തോടെ അവർ ജോലി ചെയ്യുന്നു. ആ വിശ്വാസത്താൽ അവർ ഔന്നത്യം പ്രാപിക്കുന്നു. വിജയിക്കും എന്ന വിശ്വാസത്തോടെ അവർ ഉന്നതരുടെ വഴികളും രീതികളും ശ്രദ്ധിക്കുന്നു. ഉന്നതരായ ആളുകൾ ഏതു വിധത്തിലാണ് പ്രശ്നങ്ങളെ അഭിമുഖീകരി ക്കുന്നതെന്നും തീരുമാനങ്ങൾ എടുക്കുന്നതെന്നും അവർ കണ്ടു പഠിക്കുന്നു. വിജയം നേടിയവരുടെ മനോഭാവം അവർ നിരീക്ഷിക്കുന്നു. "എനിക്കത് ചെയ്യാൻ കഴിയും" എന്നു വിശ്വസിക്കുന്നവർ അതിനുള്ള വഴിയും കണ്ടെത്തുന്നു.

എനിക്ക് പരിചയമുള്ള ഒരു വനിത രണ്ടു വർഷം മുൻപ് മൊബൈൽ ഹോം വിൽക്കുന്ന ഒരു സ്ഥാപനം തുടങ്ങുവാൻ നിശ്ചയിച്ചു. പക്ഷേ, എല്ലാവരും അവരെ നിരുത്സാഹപ്പെടുത്തി. അവർ അത് ചെയ്യരു തെന്ന് ഉപദേശിച്ചു. അത് ചെയ്യാൻ അവർക്ക് കഴിയില്ലെന്നും പറഞ്ഞു. ഒരു ലക്ഷത്തോളം രൂപ മാത്രമാണ് അവരുടെ കൈവശം ഉണ്ടായിരുന്നത്. ഇത്തരം ഒരു സംരംഭത്തിന് അതിൻെറ അനേക മടങ്ങ് പണം ആവശ്യമായിരുന്നു. ഈ രംഗം വളരെ മത്സരം നിറഞ്ഞതാണ്, പലരും ഉപദേശിച്ചു. ഇത്തരം ഒരു ബിസിനസ്സ് നടത്താൻ നിങ്ങൾക്ക് പ്രായോഗിക പരിചയവും ഇല്ലല്ലോ മറ്റു ചിലർ ചൂണ്ടിക്കാട്ടി. പക്ഷേ, ഈ മാന്യവനിതക്ക് സ്വന്തം കഴിവിൽ വിശ്വാസമുണ്ടായിരുന്നു. തൻെറ കൈവശം ആവശ്യത്തിനുള്ള പണം ഇല്ലെന്നും അത് മത്സരം നിറഞ്ഞ സംരംഭമാണെന്നും തനിക്ക് മുൻപരിചയമില്ലെന്നും ഉള്ള വസ്തുതകൾ അവർ അംഗീകരിച്ചു. എന്നാൽ എൻെറ കൈവശമുള്ള തെളിവുകളിൽ നിന്നും ഈ ബിസിനസ്സ് പുരോഗമിക്കാൻ പോകയാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. കൂടാതെ, ഈ രംഗത്തുള്ള ആരേക്കാളും നന്നായി ഇത് ചെയ്യാൻ എനിക്ക് കഴിയുമെന്നും ഞാൻ മനസ്സിലാക്കുന്നു. എനിക്ക് ചില അബദ്ധങ്ങളൊക്കെ പറ്റാമെങ്കിലും ഏറെ താമസിയാതെ ഞാൻ വിജയിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്, അവർ പറഞ്ഞു.

അത് അവർ ചെയ്തു. വലിയ ബുദ്ധിമുട്ടു കൂടാതെ അവർ ആവശ്യമായ മൂലധനം സ്വരൂപിച്ചു. ഈ രംഗത്ത് തീർച്ചയായും വിജയിക്കും എന്നുള്ള അവരുടെ വിശ്വാസം കണ്ട് രണ്ടുപേർ അവരോടൊപ്പം മുതൽ മുടക്കാൻ തയ്യാറായി. വിജയിക്കും എന്ന ഉറച്ച വിശ്വാസത്തോടെ അവർ പ്രവർത്തനം ആരംഭിച്ചു. കഴിഞ്ഞ വർഷം അവർ നാലു കോടിയിൽ അധികം രൂപയുടെ ബിസിനസ്സ് നടത്തി. "അടുത്ത വർഷം എട്ടുകോടി രൂപയുടെ ബിസിനസ്സ് നടത്താൻ കഴിയും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു", അവർ പറഞ്ഞു. വിശ്വാസം - ഉറച്ച വിശ്വാസം - വഴികളും വിഭവങ്ങളും കണ്ടെത്താൻ കാരണമാകുന്നു.

ഈ പദ്ധതി ഞങ്ങൾ വിചാരിച്ചതിലും വലുതാണ്. അതുകൊണ്ട് ഇത് ചെയ്യാൻ ആവില്ല, അവർ പറഞ്ഞു.

പക്ഷേ, കേവലം മൂന്ന് എഞ്ചിനീയർമാർ മാത്രമുള്ള ഒരു ചെറിയ കമ്പനി ഈ പദ്ധതിയേക്കുറിച്ച് വിലയിരുത്തി. അത് അവർക്ക് ചെയ്യാൻ കഴിയും എന്ന് അവർ വിശ്വസിച്ചു. അതുകൊണ്ട് അവർ പദ്ധതി തയ്യാ റാക്കി സമർപ്പിച്ചു. അവർക്ക് ആ ജോലി ലഭിക്കയും ചെയ്തു.

മലകളെ നീക്കാൻ കഴിയും എന്നു വിശ്വസിക്കുന്നവർ മലകൾ നീക്കുന്നു. വിശ്വസിക്കാത്തവർക്ക് അതിനു കഴിയുന്നില്ല. വിശ്വാസം പ്രവർത്തിക്കാനുള്ള ശക്തി നൽകുന്നു.

മലകളെ നീക്കുന്നതിലും വലിയ കാര്യങ്ങളാണ് വിശ്വാസത്താൽ ഈ ആധുനിക ലോകത്ത് ചെയ്യാൻ കഴിയുന്നത്. ഉദാഹരണത്തിന് മനുഷ്യൻ ശൂന്യാകാശത്ത് എത്തിയ സംഭവം നോക്കുക. അവർക്ക് അത് ചെയ്യാൻ കഴിയും എന്ന് അവർ വിശ്വസിച്ചു. അവർ അത് സാധിക്കയും ചെയ്തു. മനുഷ്യന് ശൂന്യാകാശത്തിൽ എത്താൻ കഴിയും എന്ന ഉറച്ച വിശ്വാസം ശാസ്ത്രജ്ഞർക്ക് ഇല്ലായിരുന്നെങ്കിൽ ഒരിക്കലും അവർക്ക് ശൂന്യാകാശയാത്ര നടത്താനുള്ള താല്പര്യമോ ധൈര്യമോ ഉണ്ടാകുമായി രുന്നില്ല. ക്യാൻസർ സുഖപ്പെടുത്താൻ കഴിയും എന്ന വിശ്വാസം ഒടുവിൽ ക്യാൻസർ സുഖപ്പെടുത്തും. ഇംഗ്ലണ്ടിനെ യൂറോപ്പുമായി ബന്ധിക്കുന്നതിന് ഇംഗ്ലീഷ് ചാനലിൻെറ അടിയിലൂടെ ഒരു തുരങ്കം ഉണ്ടാക്കുന്നതിനേക്കുറിച്ച് ഒരു ആലോചന ഉണ്ടായിരുന്നു. അത് ചെയ്യാൻ കഴിയും എന്ന് വിശ്വസിച്ച വരുടെ പ്രയത്നത്താൽ അത് ഇന്ന് സാധിച്ചിരിക്കയാണ്.

ശ്രേഷ്ഠങ്ങളായ പുസ്തകങ്ങൾ, നാടകങ്ങൾ, ശാസ്ത്രീയ കണ്ടു പിടുത്തങ്ങൾ തുടങ്ങിയവയുടെയെല്ലാം പിന്നിൽ വിശ്വാസം ഉണ്ടായിരുന്നു. വിജയം വരിച്ചിട്ടുള്ള ബിസിനസ്സുകളുടേയും മറ്റ് സംരംഭങ്ങളുടേയും പിന്നിൽ ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. വിജയിക്കുന്നതിന് ഉറച്ച വിശ്വാസം കൂടിയേ കഴിയൂ. വിജയിക്കുമെന്ന് ഉറച്ചു വിശ്വസിക്കുക, നിങ്ങൾ വിജയിക്കും.

ബിസിനസ്സിലും മറ്റ് ഇടപാടുകളിലും പരാജയപ്പെട്ടിട്ടുള്ളവരോട് ഞാൻ സംസാരിച്ചിട്ടുണ്ട്. പരാജയത്തിന് നിരവധി കാരണങ്ങളും ന്യായ ങ്ങളും ഒക്കെ അവർ നിരത്തുക പതിവാണ്. സംഭാഷണം തുടരുമ്പോൾ കൂടുതൽ സത്യങ്ങൾ പുറത്തുവരും.

അത് വിജയിക്കില്ലെന്ന് എനിക്ക് ആദ്യമേ അറിയാമായിരുന്നു. ആരംഭത്തിൽത്തന്നെ എനിക്ക് സംശയം ഉണ്ടായിരുന്നു അത് പരാജയപ്പെട്ടതിൽ എനിക്ക് അത്ഭുതമില്ല.

ഇത്തരത്തിലുള്ള വാചകങ്ങൾ പരാജയപ്പെട്ടവർ ക്കെല്ലാം പറയാൻ ഉണ്ടാകും. ഇത് വിജയിക്കുമെന്ന് തോന്നുന്നില്ല. എങ്കിലും ഒരുകൈ നോക്കിക്കളയാം എന്ന നിലപാടോടെ ആരംഭിക്കുന്ന സംരംഭങ്ങൾ വിജയിക്കില്ല.

അവിശ്വാസം പ്രതിലോമ ശക്തിയാണ്. സംശയിക്കയോ അവിശ്വസിക്കയോ ചെയ്യുമ്പോൾ മനസ്സ് അതിനുള്ള കാരണവും കണ്ടുപിടിക്കും. ഉപബോധ മനസ്സിൽ ഉണ്ടാകുന്ന ഈ പരാജയേച്ഛ നമ്മെ പരാജയത്തിലേക്ക് നയിക്കുന്നു. സംശയിക്കുകയും പരാജയപ്പെടുകയും ചെയ്യുക. അല്ലെങ്കിൽ വിജയം സ്വപ്നം കാണുകയും വിജയിക്കുകയും ചെയ്യുക.

ഒരു എഴുത്തുകാരി ഈയിടെ അവരുടെ ജീവിതാഭിലാഷങ്ങളേ ക്കുറിച്ച് എന്നോട് പറയുകയുണ്ടായി. അതിനിടയിൽ മറ്റൊരു എഴുത്തു കാരനേക്കുറിച്ച് പരാമർശമുണ്ടായി.

അദ്ദേഹത്തേപ്പോലെ എഴുതാൻ എനിക്ക് സാധിക്കില, അവർ പറഞ്ഞു.

ഈ നിലപാട് എന്നെ നിരാശപ്പെടുത്തി. പരാമർശവിധേയനായ എഴുത്തുകാരനെ എനിക്കറിയാം. അദ്ദേഹം അത്ര വലിയ എഴുത്തുകാരനോ, ജ്ഞാനിയോ, ഉന്നതനോ അല്ല. എങ്കിലും അദ്ദേഹം അതൊക്കെയാണെന്ന് ഭാവിക്കുന്നു എന്നു മാത്രം.

നേതാവിനെ ബഹുമാനിക്കുന്നത് നല്ല കാര്യമാണ്. അവനിൽ നിന്നും പഠിക്കുക. അവനെ നിരീക്ഷിക്കുക. അവനെ പഠിക്കുക. പക്ഷേ, അവനെ ആരാധിക്കരുത്. അവനേക്കാൾ നന്നായി നിങ്ങൾക്ക് ചെയ്യാൻ കഴിയും എന്ന് വിശ്വസിക്കുക. രണ്ടാമൻ ആകാൻ ആഗ്രഹിക്കുന്നവൻ അതിൽ അധികം ആകുകയില്ല.

വിശ്വാസം നമ്മുടെ ഉയർച്ചതാഴ്ചകളെ നിയന്ത്രിക്കുന്ന യന്ത്രമാണ്. ജീവിത വിജയം നേടാനാവാതെ പാടുപെടുന്ന വ്യക്തികളെ ശ്രദ്ധിക്കുക.

(ശേഷം 7 പേജിൽ)


## STUDY ON PRAYER

**MP3 Format :: 15 hours Read by Text Reader**

1. The soul of Prayer : P.T. Forsyth
2. How to pray : R.A. Torrey
3. Power & Prayer : E.M.Bounds
4. Necessity of Prayer : E.M.Bounds
5. On Prayer : Charls Finny

**Price: Rs. 100/- only (by M.O)**

**The Defender**

**Near: KSRTC, Perumbavoor P.O.,**
**Ernakulam Dist. Kerala - Pin. 683542**
**Phone: 0484-2592249, 94474-14608**

*(പേജ് 5 തുടർച്ച... വിവാഹനിയമം..)*

പോലുള്ള സർട്ടിഫിക്കറ്റോ സർട്ടിഫിക്കറ്റുകളോ ഏല്പ്പിച്ചു കൊടുക്കേണ്ടതും ആകുന്നു.

അടിയന്തിരത്തിന്റെ ഏതെങ്കിലും ഭാഗത്ത്, കക്ഷികളിൽ ഓരോരുത്തരും താഴെപ്പറയുന്ന വിധമോ, ആ അർത്ഥത്തിലോ പ്രഖ്യാപിക്കേണ്ടതുമാകുന്നു:-

''ക, ഖ ആയ ഞാൻ ഗ, ഘ-യുമായി വിവാഹബന്ധത്തിൽ ചേർക്കപ്പെടാതിരിക്കാവുന്നതിന് നിയമാനുസൃതമായ ഏതെങ്കിലും വിഘാതമുള്ളതായി എനിക്ക് അറിവില്ലെന്ന് ഞാൻ സഗൗരവം പ്രഖ്യാപിച്ചുകൊള്ളുന്നു.''

കക്ഷികളിൽ ഓരോരുത്തരും മറ്റേ ആളോട്, താഴെ പറയുന്ന വിധമോ, ആ അർത്ഥത്തിലോ പറയേണ്ടതുമാകുന്നു:-

''ക, ഖ ആയ ഞാൻ ഗ, ഘ ആയ നിങ്ങളെ നിയമാനുസൃത വിവാഹിതയായ ഭാര്യ അല്ലെങ്കിൽ (വിവാഹിതനായ ഭർത്താവ്) ആയി സ്വീകരിക്കുന്നു എന്നുള്ളതിന് സാക്ഷ്യം വഹിക്കുവാൻ ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ ആളുകളോട് ഞാൻ ആവശ്യപ്പെടുന്നു.''

52. നോട്ടീസിനുശേഷം രണ്ടു മാസത്തിനുള്ളിൽ വിവാഹം ഉണ്ടായിട്ടില്ലാത്തപ്പോൾ പുതിയ നോട്ടീസ് വേണമെന്ന് - ഒരു വിവാഹം വിവാഹ രജിസ്ട്രാർ നോട്ടീസിന്റെ പകർപ്പ് 40-ാം വകുപ്പ് ആവശ്യപ്പെടുന്നതു പോലെ ചേർത്തതിനു ശേഷം രണ്ടു മാസത്തിനുള്ളിൽ ആഘോഷിക്കപ്പെടാത്തപ്പോ ഴെല്ലാം, ആ നോട്ടീസും, അതിൻമേൽ നൽകപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റ് വല്ലതുമുണ്ടെങ്കിൽ, അതും അതിൻ മേലുള്ള മറ്റെല്ലാ നടപടികളും ശൂന്യമായിരി ക്കുന്നതും;

മുൻപറഞ്ഞ സമയത്തും രീതിയിലും, പുതിയ നോട്ടീസ് നൽകുകയും, പകർപ്പ് ചേർക്കുകയും, സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നതു വരെ, യാതൊരാളും ആ വിവാഹം ആഘോഷിച്ചുകൊടുക്കുന്നതിന് മുതിരാൻ പാടില്ലാത്തതും, ഏതെങ്കിലും വിവാഹ രജിസ്ട്രാർ അത് ഉൾക്കുറിപ്പ് ആക്കാൻ പാടില്ലാത്തതും ആകുന്നു.

53. വിവാഹ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യേണ്ട വിവരങ്ങൾ ചോദിക്കാമെന്ന് - ഏതു വിവാഹ രജിസ്ട്രാരുടെ മുമ്പാകെയാണോ ഈ ഭാഗത്തിൻ കീഴിൽ ഏതെങ്കിലും വിവാഹം ആഘോ ഷിക്കപ്പെടുന്നത്, ആ വിവാഹ രജിസ്ട്രാർക്ക് വിവാഹിതരാകാ നുള്ള ആളുകളോട്, അങ്ങനെ യുള്ള വിവാഹത്തെ സ്പർശിച്ച്, രജിസ്റ്റർ ചെയ്യേണ്ട വ്യത്യസ്ത വിവരങ്ങൾ ചോദിക്കാവുന്ന താണ്.

54. V-ാം ഭാഗത്തിൻ കീഴിൽ ആഘോഷിക്കപ്പെടുന്ന വിവാഹത്തിന്റെ രജിസ്ട്രേഷൻ - ഈ ഭാഗത്തിൻകീഴിലെ ഏതെങ്കിലും വിവാഹം ആഘോഷിക്കപ്പെട്ടതിനുശേഷം, അങ്ങനെ ആഘോഷിക്കപ്പെടുമ്പോൾ സന്നിഹിതനായിരിക്കുന്ന വിവാഹ രജിസ്ട്രാർ ഉടനടി ആ വിവാഹം ഡ്യൂപ്ലിക്കേറ്റിൽ; അതായത് ഇതോടനുബന്ധിച്ചുള്ള നാലാം പട്ടികയിലെ ഫാറമനുസരിച്ച് ഒരു വിവാഹ രജിസ്റ്റർ ബുക്കിലും, കൂടാതെ, കൗണ്ടർ ഫായിൽ ആയി വിവാഹ രജിസ്റ്റർ ബുക്കിനോടു ബദ്ധമായ ഒരു സർട്ടിഫിക്കറ്റിലും രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

സർട്ടിഫിക്കറ്റിലും വിവാഹ രജിസ്റ്റർ ബുക്കിലുമുള്ള അങ്ങനെയുള്ള വിവാഹത്തിന്റെ ഉൾക്കുറിപ്പ്, ഏതാളാൽ അല്ലെങ്കിലും ഏതാളുടെ മുമ്പാകെയാണോ ആ വിവാഹം ആഘോഷിച്ചു കൊടുക്കപ്പെട്ടത്, അങ്ങനെയുള്ള ആൾ ഉണ്ടെങ്കിൽ, അയാളും, അങ്ങനെയുള്ള വിവാഹത്തിൽ സന്നിഹിതനായിരുന്ന വിവാഹ രജിസ്ട്രാറും-അത് ആഘോഷി ച്ചുകൊടുത്തത് അയാൾ ആണെ ങ്കിലും അല്ലെങ്കിലും-കൂടാ തെ വിവാഹിതരായ കക്ഷികളും ഒപ്പുവയ്ക്കേണ്ടതും, വിവാഹ രജിസ്ട്രാറും വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആളുമല്ലാത്ത വിശ്വാസ്യരായ രണ്ട് സാക്ഷികൾ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

അങ്ങനെയുള്ള ഏതൊരു ഉൾക്കുറിപ്പും, ബുക്കിന്റെ തുടക്കം മുതൽ അവസാനം വരെ ക്രമമായി ചേർക്കേണ്ടതും, സർട്ടിഫിക്കറ്റിന്റെ നമ്പർ വിവാഹ രജിസ്റ്റർ ബുക്കിലെ ഉൾക്കുറിപ്പിന്റെ നമ്പരുമായി പൊരുത്തപ്പെടേണ്ടതുമാകുന്നു.

55. സർട്ടിഫിക്കറ്റുകൾ പ്രതിമാസം രജിസ്ട്രാർ-ജനറൽക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് - വിവാഹ രജിസ്ട്രാർ ഉടനടി സർട്ടിഫിക്കറ്റ് വിവാഹ രജിസ്റ്റർ ബുക്കിൽ നിന്ന് വേർപെടുത്തേണ്ടതും, ഓരോ മാസത്തിന്റെയും അവസാനം ജനനമരണ -വിവാഹ രജിസ്ട്രാർ ജനറൽക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

രജിസ്റ്റർ പുസ്തകത്തിന്റെ സൂക്ഷിപ്പ് - വിവാഹ രജിസ്ട്രാർ മുൻപറഞ്ഞ രജിസ്റ്റർ ബുക്ക്, അത് പൂർത്തിയാകുന്നതു വരെ സുരക്ഷിതമായി വച്ചുപോരേണ്ടതും, പൂർത്തിയായാൽ അത് ജനന-മരണ വിവാഹ രജിസ്ട്രാർ ജനറൽക്ക് അയാളുടെ ആഫീസിലെ റിക്കാർഡുകളോടൊപ്പം സൂക്ഷിക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതുമാകുന്നു.

56. (ഇന്ത്യൻ സ്റ്റേറ്റുകളിലെ രജിസ്ട്രാർമാർ സർട്ടിഫിക്കറ്റുകൾ ഏത് ആഫീസർമാർക്ക് അയയ്ക്കണമെന്ന്) 1950-ലെ എ.ഒ.യാൽ റദ്ദാക്കപ്പെട്ടു.

57. നോട്ടീസും സർട്ടിഫിക്കറ്റും ഇന്ത്യൻ ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നുണ്ടോ എന്ന് രജിസ്ട്രാർമാർ തിട്ടപ്പെടുത്തണമെന്ന് - വിവാഹിതനാകാൻ പോകുന്ന ഏതെങ്കിലും ഇന്ത്യൻ ക്രിസ്ത്യാനി, വിവാഹത്തിന്റെ നോട്ടീസ് നൽകുകയോ, ഒരു വിവാഹ രജിസ്ട്രാറിൽ നിന്ന് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള വിവാഹ രജിസ്ട്രാർ, മുൻപറഞ്ഞ ഇന്ത്യൻ ക്രിസ്ത്യാനിക്ക് ഇംഗ്ലീഷ് ഭാഷ മനസ്സിലാകുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തേണ്ടതും, മനസ്സിലാകുന്നില്ലെങ്കിൽ, വിവാഹ രജിസ്ട്രാർ, അതതു സംഗതി പോലെ, അങ്ങനെയുള്ള നോട്ടീസോ സർട്ടിഫിക്കറ്റോ, അവ രണ്ടുമോ, അങ്ങനെയുള്ള ഇന്ത്യൻ ക്രിസ്ത്യാനിക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലേക്ക് തർജ്ജമ ചെയ്തു കൊടുക്കുകയോ കൊടുപ്പിക്കുകയോ ചെയ്യേണ്ടതോ;

അല്ലെങ്കിൽ വിവാഹ രജിസ്ട്രാർ, മുൻപറഞ്ഞ നോട്ടീസിന്റെയും സർട്ടിഫിക്കറ്റിന്റെയും സാരത്തേയും പ്രഭാവത്തേയും കുറിച്ച് ആ ഇന്ത്യൻ ക്രിസ്ത്യാനിക്ക് അറിവുണ്ടോ എന്ന് മറ്റുവിധത്തിൽ തിട്ടപ്പെടുത്തേണ്ടതോആകുന്നു.

58. ഇന്ത്യൻ ക്രിസ്ത്യാനികൾക്ക് പ്രഖ്യാപനങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതാണെന്ന് - ഏതെങ്കിലും ഇന്ത്യൻ ക്രിസ്ത്യാനി ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു കീഴിൽ വിവാഹിതനാകുമ്പോൾ, വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആൾ, അങ്ങനെയുള്ള ഇന്ത്യൻ ക്രിസ്ത്യാനിക്ക് ഇംഗ്ലീഷ് ഭാഷ മനസ്സിലാകുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തേണ്ടതും, മനസ്സിലാകുന്നില്ലെങ്കിൽ, ആ ആക്റ്റിലെ വ്യവസ്ഥകൾക്കു കീഴിൽ അങ്ങനെയുള്ള വിവാഹത്തിൽ ചെയ്യുന്ന പ്രഖ്യാപനങ്ങൾ, ആ വിവാഹം ആഘോഷിച്ചുകൊടുക്കുന്ന ആൾ ആഘോഷിച്ചുകൊടുക്കുന്ന സമയത്ത്, അങ്ങനെയുള്ള ഇന്ത്യൻ ക്രിസ്ത്യാനിക്ക് മനസ്സിലാകുന്ന ഒരു ഭാഷയിലേക്ക് തർജ്ജമ ചെയ്തു കൊടുക്കുകയോ, കൊടുപ്പിക്കുകയോ ചെയ്യേണ്ടതുമാകുന്നു.

59. ഇന്ത്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള വിവാഹങ്ങളുടെ രജിസ്ട്രേഷൻ:- ഇന്ത്യൻ ക്രിസ്ത്യാനികൾ തമ്മിലുള്ള ഈ ഭാഗത്തിൻ കീഴിലെ, വിവാഹങ്ങളുടെ രജിസ്ട്രേഷൻ 37-ാം വകുപ്പിൽ കൊടുത്തിട്ടുള്ള ചട്ടങ്ങൾക്ക് (അവ ബാധകമാകുന്നിടത്തോളം) അനുരൂപമായി ചെയ്യേണ്ടതും, മറ്റുവിധത്തിൽ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

*(പേജ് 6 തുടർച്ച... വിജയിക്കാൻ..)*

തനിക്ക് ഇതിൽ അധികം ആകാൻ കഴിവില്ല എന്ന് അവർ വിശ്വസിക്കുന്നു. അതുകൊണ്ട് അവർ അതിൽ അധികം ആകുന്നുമില്ല. വലിയ കാര്യങ്ങൾ ചെയ്യാൻ തനിക്ക് കഴിവില്ല എന്ന് അയാൻ വിശ്വസിക്കുന്നു. അതുകൊണ്ട് അതിൽ അധികമൊന്നും ചെയ്യുന്നുമില്ല.

താൻ പ്രാധാന്യമില്ലാത്തവനാണെന്ന് അയാൾ കരുതുന്നു. അതു കൊണ്ട് അയാൾ ചെയ്യുന്നതിലെല്ലാം ഈ അപ്രധാനതയുടെ മുദ്ര ഉണ്ടായിരിക്കും. കാലക്രമത്തിൽ, അയാൾ ചെയ്യുന്നതിലെല്ലാം ഈ അവിശ്വാസത്തിൻെറ നിഴലുണ്ടാകും. വിശ്വാസത്താൽ അയാൾ ഉന്നതി ലക്ഷ്യ മിടുന്നില്ലെങ്കിൽ എന്നെന്നും അയാൾ ഒരു പരാജയമായിരിക്കും. ആത്മാഭി മാനമില്ലാത്തവനെ മറ്റുള്ളവരും ബഹുമാനിക്കില്ല.

മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നവരെ ശ്രദ്ധിക്കുക. തനിക്ക് ഉയർന്ന മൂല്യമുണ്ടെന്ന് അയാൾ വിശ്വസിക്കയും അത് നേടിയെടുക്കുകയും ചെയ്യുന്നു. വിഷമംപിടിച്ച ജോലികളും ദൗത്യങ്ങളും ഏറ്റെടുത്ത് വിജയിപ്പിക്കാൻ കഴിയുമെന്ന് അയാൾ വിശ്വസിക്കയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നു. അവൻ ചെയ്യുന്നതിലും പറയുന്നതിലും ഇട പെടുന്നതിലും എല്ലാം ഇതാ ഒരു വിദഗ്ദ്ധൻ, ഇവൻ ബഹുമാന്യനാണ് എന്ന പരിവേഷം ഉണ്ടായിരിക്കും.

ഒരു വ്യക്തി അയാളുടെ ചിന്തകളുടെ ഉല്പന്നമാണ്. അതുകൊണ്ട് ഉയർന്ന ചിന്ത ഉള്ളവരായിരിക്കുക. നിങ്ങളുടെ ലക്ഷ്യം ഉന്നതമായിരിക്കട്ടെ. വിജയിക്കുമെന്നുള്ള ഉത്തമ ബോദ്ധ്യത്തോടെ ആരംഭിക്കുക. വലിയ വിശ്വാസത്തോടെ വലുതാകുക.

അമേരിക്കയിലെ ഡിട്രോയിറ്റിൽ ഒരുകൂട്ടം ബിസിനസ്സുകാരോട് ഞാൻ ഒരിക്കൽ പ്രസംഗിച്ചു. അതിനുശേഷം ശ്രോതാക്കളിൽ ഒരാൾ എന്നെ സമീപിച്ചു.

നിങ്ങളുടെ പ്രസംഗം എനിക്ക് വളരെ ഇഷ്ടമായി. വ്യക്തിപരമായ ഒരു വിഷയത്തേക്കുറിച്ച് നിങ്ങളുമായി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അയാൾ പറഞ്ഞു. ഞങ്ങൾ ഒരു കാപ്പിക്കടയിൽ കയറി ഭക്ഷണത്തിന് ഓർഡർ കൊടുത്തു.

നമ്മുടെ മനസ്സ് നമുക്ക് അനുകൂലമാക്കുന്നതിനേക്കുറിച്ച് നിങ്ങൾ സംസാരിച്ചതുമായി ബന്ധപ്പെട്ട് എൻെറ അനുഭവം പറയാൻ ഞാൻ ആഗ്രഹിക്കുന്നു, അദ്ദേഹം പറഞ്ഞു.

അഞ്ചു വർഷം മുൻപ് ഞാൻ വളരെ കഷ്ടപ്പെട്ട് ജീവിതം തളളിനീക്കുകയായിരുന്നു. ഞങ്ങളുടെ താമസസ്ഥലത്ത് അവശ്യം വേണ്ട പലതും ഇല്ലായിരുന്നു. എങ്കിലും എൻെറ ഭാര്യ ഇതെല്ലാം സഹിച്ച് കഴിഞ്ഞു വന്നു. എൻെറ ഭാര്യക്കും കുട്ടികൾക്കും ഒരു നല്ല ജീവിതം കൊടുക്കാൻ കഴിയാത്തതിൽ ഞാൻ ദുഃഖിതനായിരുന്നു.

പക്ഷേ, ഇപ്പോൾ സ്ഥിതി അതല്ല. ഞങ്ങൾക്ക് രണ്ടേക്കർ സ്ഥലവും ഒരു നല്ല വീടുമുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തേക്കുറിച്ച് ഞങ്ങൾ ഇപ്പോൾ ഭാരപ്പെടുന്നില്ല. നല്ല വസ്ത്രങ്ങൾ വാങ്ങാൻ മടിക്കുന്നില്ല. അടുത്തമാസം ഞങ്ങൾ അവധിക്കാലം ചെലവഴിക്കുന്നത് യൂറോപ്പിലാണ.

ഇതെങ്ങനെയാണ് സംഭവിച്ചത് എന്നറിയാൻ എനിക്ക് ആഗ്രഹം തോന്നി. അതുകൊണ്ട് അദ്ദേഹം ആ കഥ പറഞ്ഞു.

വിശ്വാസത്തിൻെറ ശക്തി ഞാൻ കണ്ടെത്തിയതോടെയാണ് ഈ മാറ്റങ്ങൾ ഉണ്ടായത്. അഞ്ചു വർഷം മുൻപ് ഞാൻ ഇവിടെയുളള ഒരു കമ്പനിയിൽ ജോലിക്കാരെ ആവശ്യമുണ്ടെന്ന് അറിഞ്ഞു. അതിനായി ഞാൻ ഇവിടെ എത്തി. പിറ്റേന്നായിരുന്നു ഇന്റർവ്യൂ. ഹോട്ടൽ മുറിയിൽ തനിച്ചിരിക്കുമ്പോൾ എനിക്ക് എന്നോടുതന്നെ പുച്ഛം തോന്നി. ഞാൻ ഒരു ഇടത്തരക്കാരനാണ്. അതിൽനിന്നും ഏറെ ഉയരാൻ സഹായകമാ കാത്ത ഈ ജോലിക്കായി ഞാൻ എന്തിന് പാടുപെടണം?

എങ്ങനെയാണ് ഈ ചിന്ത എന്നിൽ കടന്നുവന്നത് എന്ന് എനിക്ക റിഞ്ഞുകൂടാ. ഞാൻ ഒരു കടലാസ്സെടുത്ത് അതിൽ ജീവിതവിജയം വരിച്ച അഞ്ച് വ്യക്തികളുടെ പേരെഴുതി. അവരിൽ രണ്ടുപേർ ഒരിക്കൽ എൻെറ അയൽക്കാരായിരുന്നു. രണ്ടുപേർ എൻെറ സഹപ്രവർത്തകരും. അഞ്ചാമൻ എൻെറ അളിയനുമായിരുന്നു. ഇവർ അഞ്ചുപേർക്കും എനിക്കില്ലാത്ത എന്തൊക്കെയാണ് ഉളളത് എന്ന് ഞാൻ നോക്കി. അവർക്ക് എന്നേക്കാൾ ബുദ്ധിയുണ്ടെന്ന് പറയാനാവില്ല. വിദ്യാഭ്യാസം, സ്വഭാവശ്രേഷ്ഠത, വിശ്വസ്തത തുടങ്ങിയവയിലും അവർ എന്നേക്കാൾ മുകളിലല്ല. പക്ഷേ, ഉത്സാഹത്തിൻെറ കാര്യം അങ്ങനെയല്ല. ഞാൻ ഈ വിഷയത്തിൽ അവരേക്കാൾ പിന്നിലായിരുന്നു. അങ്ങനെ ഞാൻ എൻെറ ദൗർബ്ബല്യം കണ്ടുപിടിച്ചു. എന്തുകൊണ്ടാണ് എനിക്ക് ഉത്സാഹം ഇല്ലാത്തതെന്നും ഞാൻ മനസ്സി ലാക്കി. ഏറെയൊന്നും ചെയ്യാൻ എനിക്ക് ആവില്ല എന്ന ചിന്തയാണ് എന്നെ മടിയനാക്കിയത്.

എൻെറ കഴിവുകളിൽ എനിക്ക് വിശ്വാസമില്ലാതെ പോയതുകൊണ്ടുണ്ടായ പരാജയം വിലയിരുത്തിക്കൊണ്ട് ആ രാത്രി ഞാൻ കഴിച്ചുകൂട്ടി. എങ്ങനെ ജീവിതവിജയം കൈവരിക്കാം എന്നതിനേക്കാൾ എന്തൊക്കെ കാരണത്താൽ എനിക്ക് വിജയിക്കാൻ കഴിയില്ല എന്നാണ് ഞാൻ എന്നേ ത്തന്നെ പഠിപ്പിച്ചിരുന്നത്. ഞാൻ എന്നേത്തന്നെ വിശ്വസിക്കുന്നതുവരെ ആരും എന്നെ വിശ്വസിക്കാൻ പോകുന്നില്ല എന്ന് എനിക്കു മനസ്സിലായി. രണ്ടാം നിരക്കാരനായി ഇനി ജീവിക്കയില്ല എന്ന് ഞാൻ ഉറച്ചു.

പിറ്റേ ദിവസത്തെ ഇന്റർവ്യൂവിൽ ഞാൻ എൻെറ വിശ്വാസം പ്രാവർത്തികമാക്കി. അപ്പോൾ എനിക്ക് ലഭിച്ചുകൊണ്ടിരുന്നതിൻെറ ഇരട്ടി ശമ്പളം ചോദിക്കാനാണ് ഞാൻ ആദ്യം ഉദ്ദേശിച്ചിരുന്നത്. പക്ഷേ, ഞാൻ കഴിവുളള വ്യക്തിയാണ് എന്ന് എനിക്ക് ബോദ്ധ്യമായതോടെ നാലിരട്ടി ശമ്പളം ചോദിക്കാനുളള ധൈര്യം എനിക്ക് ലഭിച്ചു. അത് ഗുണം ചെയ്തു. എനിക്ക് ആ ജോലി കിട്ടി. ജോലി ഏറ്റെടുത്ത് രണ്ടു വർഷത്തിനകം ഒരു നല്ല ജോലിക്കാരൻ എന്ന പേര് സമ്പാദിക്കുവാൻ എനിക്ക് കഴിഞ്ഞു. അങ്ങനെ, എൻെറ ശമ്പളം വർദ്ധിച്ചു. അദ്ദേഹം പറഞ്ഞുനിർത്തി.

ആത്മാഭിമാനമുളളവനായിരിക്കുക. ഉയർച്ച നിങ്ങളെ തേടിയെത്തും. നിങ്ങളുടെ ചിന്താമണ്ഡലമാകുന്ന ഫാക്ടറിയിൽ വിജയം എന്നും പരാജയം എന്നും പേരായ രണ്ടുപേരാണ് ഉല്പാദനം നടത്തുന്നത്. ഇവരിൽ വിജയം എന്ന ജോലിക്കാരൻ നല്ല ചിന്തകൾ ഉല്പാദിപ്പിക്കുന്നു. നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നും നിങ്ങൾ എന്തുകൊണ്ട് പ്രാധാന്യ മുളള വ്യക്തിയാണെന്നും മറ്റുമുളള ചിന്തകൾ ഈ ജോലിക്കാരൻ ഉണ്ടാക്കുന്നു. പരാജയചിന്തകളാണ് മറ്റേ ജോലിക്കാരൻ ഉല്പാദിപ്പിക്കുന്നത്. അവൻ നിങ്ങളുടെ കഴിവുകേടുകൾ നിരത്തിവച്ച് വാദിക്കും. നിങ്ങൾക്ക് പരാജയം ഒഴിവാക്കാനാവില്ല എന്ന് അവൻ സ്ഥാപിക്കും. ഇതിൽ ഏത് ഉല്പന്നം നിർമ്മിക്കണം എന്നു തീരുമാനിക്കേണ്ടത് നിങ്ങളാണ്.

(ശേഷം 8 പേജിൽ)

RNI No. 68089 / 97
2005 January 1

THE DEFENDER

REGISTERED
KL/CR/ALY/221/2003-05

# പൂവൻ മലയിൽ എന്തോ പ്രശ്നം ഉണ്ട്.

പൂവൻ മല ഏ.ജി. സഭയിൽ എന്തോ ഒരു പ്രശ്നം ഉണ്ട്. അത് ഏ.ജി. സഭ തന്നെ യാണോ എന്നതാണ് ആദ്യത്തെ പ്രശ്നം. റവറഡ്, ഡാക്കിട്ടർ ബാബു ജോർജ്ജ് തീരുമാനിക്കേണ്ട വിഷയമാണിത്. അതുകൊണ്ട് യഥാർത്ഥ പ്രശ്നത്തിലേക്ക് കടക്കാം. ജോൺസൺ പാസ്റ്ററും ഭാര്യയുമൊക്കെ വചനം അതേപടി അനുസരിക്കുന്നവർ ആണ്. അതുകൊണ്ട് അവർ കണ്ണിൽ കണ്ടവരെയെല്ലാം സ്നേഹിക്കുന്നു. അതിൽ തെറ്റുണ്ടോ? അശ്ശേഷം ഇല്ല. പക്ഷേ, തികഞ്ഞ സ്നേഹം പലപ്പോഴും അളിഞ്ഞ സ്നേഹമാകുന്നു എന്നത് ഒരു പ്രശ്നമാകുന്നു.

പാസ്റ്ററുടെ ഭാര്യ കുറെക്കാലമായി ഇത്തരം ഒരു അളിഞ്ഞ സ്നേഹത്തിൽ കുടുങ്ങിയിരിക്കയാണ്. അതിന് പാസ്റ്ററുടെ അനുഗ്രഹാശിസ്സുകൾ ഉണ്ടെന്നതാണ് ഏറെ വിചിത്രം. ഹൈന്ദവ മാർഗ്ഗത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന ഒരു സഹോദരനെ ഇവർ വലവീശി പിടിച്ചിരിക്കയാണ്. ഈ സഹോദരൻ പണം, വസ്ത്രം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയെല്ലാം പാസ്റ്ററുടെ ഭാര്യയ്ക്ക് സമ്മാനിക്കുന്നു. അതിന്റെ ഫലമായി ആ സഹോദരന്റെ കുടുംബം പട്ടിണിയിലായിരിക്കയാണ്.

ഈയിടെ പാസ്റ്ററുടെ ഭാര്യ പ്രസവിച്ചു. പ്രസവത്തിന്റെ ആദ്യാവസാനം സഹോദരൻ ഒപ്പമുണ്ടായിരുന്നു. ഊണും ഉറക്കവും ഉപേക്ഷിച്ച് സഹോദരൻ ലേബർറൂമിനു പുറത്ത് കാവലുണ്ടായിരുന്നു. നവജാത ശിശുവിന് വേണ്ടുന്നതെല്ലാം വാങ്ങി കൊടുക്കുവാനും സഹോദരൻ മുൻപന്തിയിൽ ഉണ്ട്. സ്വന്തം വീടിനെ മറന്ന മട്ടിലാണ് ഈ സഹോദരന്റെ പെരുമാറ്റം. കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് ചെയ്യേണ്ടതായി വരുമോ എന്ന കാര്യത്തിലേ ഇനി സംശയമുള്ളൂ.

(പേജ് 2 തുടർച്ച... പ്രൈവറ്റ് ട്രസ്റ്റുകൾ..)

മൗലി കാവകാശങ്ങളുണ്ട്. അത് ഗവൺമെന്റ് നിയന്ത്രണ പരിധിക്കുള്ളിലാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർ സ്വകാര്യ ബിസിനസ്സോ മറ്റു സ്ഥാപന ങ്ങളിൽ അഡീഷണൽ ജോലി ചെയ്യാനോ പാടില്ലെന്ന് നിയമമുണ്ട്. അതുപോലെ സഭയുടെ പ്രാതിനിധ്യവും അനുമതിയുമില്ലാതെ ഏതെങ്കിലും തലങ്ങളിൽ ചുമതലയുള്ള പാസ്റ്റർമാർ സ്വകാര്യ ട്രസ്റ്റുകളോ ഫൗണ്ടേ ഷനുകളോ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത് വഞ്ചനയും നിയമലംഘനവുമാണ്. സഭാ പാസ്റ്റർമാരായി സഭ അംഗീകരി ക്കാത്ത സഭാംഗങ്ങൾ നട ത്തുന്ന ട്രസ്റ്റുകൾ ഈ പരിധിയിൽ വരികയില്ല. ഉൾപ്പെട്ടു നിൽക്കുന്ന രജിസ്റ്റേഡ് സഭയുടെ എക്സിക്യൂട്ടീവ് അംഗങ്ങളോ സഭയുടെ നോമി നേറ്റ് അംഗങ്ങളോ ഇല്ലാത്ത ഭരണസമിതിയുള്ള ട്രസ്റ്റുകളാണ് സ്വകാര്യ ട്രസ്റ്റുകൾ എന്ന് ഉദ്ദേശിക്കുന്നത്. സഭയ്ക്ക് പ്രാതിനിധ്യമുണ്ടെങ്കിൽ വാർഷിക കണക്ക് ഓഡിറ്റ് ചെയ്ത് വർഷം തോറും സഭയ്ക്ക് നൽകുകയും നിശ്ചിത തുക ഉൾപ്പെട്ട് നിൽക്കുന്ന സംഘടനയ്ക്ക് നൽകുകയും വേണം.

16. സെന്റർ രൂപീകരണം കൗൺസിൽ നടത്തുകയും പ്രസ്ബിറ്ററി പാസ്റ്ററെ നിയമിക്കുകയും വേണം. ഓവർലാപ്പ് ചെയ്ത് (കയറി യിറങ്ങി) അഥവാ ഒരു സെന്റ റിന്റെ ഭൂമിശാസ്ത്ര പരിധിയിൽ പെടാത്ത സഭകളെ ചേർത്ത് സെന്റർ രൂപീകരിക്കുന്നതും സീനിയോറിറ്റിയും പ്രാപ്തിയും അംഗീകരിക്കപ്പെടാത്തവരേയും, സ്വാധീനം ചെലുത്തി ബലമായി പിടിച്ചു വാങ്ങാൻ വരുന്നവരേയും സെന്റർ പാസ്റ്ററാക്കരുത്. പാസ്റ്റർക്കല്ലാ സഭയ്ക്കാണ് സെന്റർ ആവശ്യം. സെന്ററിന്റെ പേരിൽ ജനങ്ങളെ ഇളക്കി തമ്മിൽത്തല്ലിക്കരുത്. ജനം പാസ്റ്ററുടെ ചട്ടുകമാ കരുത്. ജനത്തിന് ലോക്കൽ സഭയാണ് വലുത്. ഒരു സെന്ററിൽ 30 സഭയിൽ കൂടുതലുള്ളത് വിഭജിക്കണം.

കുടിൽവ്യവസായം പോലെ ബൈബിൾ കോളേജുകൾ നടത്തുന്നത് സഭയ്ക്ക് ദോഷം ചെയ്യും.

എന്ന് പ്രാർത്ഥനയോടു കൂടി നിങ്ങളുടെ സഹോദരൻ:

ജോസഫ് താന്നിക്കൽ
ഓതറ, തിരുവല്ല
ഫോൺ: 0469 - 2656429

# പെന്തക്കോസ്ത് നേതാക്കന്മാരുടെ കൈയിൽ ദുരിതാശ്വാസ ഫണ്ട് കൊടുക്കരുതേ...

കടൽക്ഷോഭ ദുരിതാശ്വാസത്തിന്റെ പേരിൽ പെന്തക്കോസ്ത് നേതാക്കന്മാർ ഫണ്ട് പിരിക്കാൻ ഇറങ്ങുന്നത്രേ. ബലേ ഭേഷ്! എന്നല്ലാതെ എന്തു പറയാൻ! ശവം ഉള്ളയി ടത്ത് കഴുകൻ കൂടും എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. എവി ടെയെങ്കിലും ശവം കണ്ടാൽ പെന്തക്കോസ്ത് കഴുകന്മാർ അവിടെയെത്തും.

ഒരു പാസ്റ്റർ മരിച്ചാൽ ഉഗ്രൻ പിരിവ് നടത്തും. എന്തെങ്കിലുമൊക്കെ നക്കാപ്പിച്ചാ പാസ്റ്ററുടെ കുടുംബത്തിന് കൊടുത്തിട്ട് ബാക്കി ഇവർ വിഴുങ്ങും. ലാത്തൂരിൽ ഭൂകമ്പമുണ്ടായി. പെന്തക്കോസ്ത് നേതാക്കന്മാർ ഉശിരൻ പിരിവ് നടത്തി. എത്ര കിട്ടി? അറിഞ്ഞുകൂടാ. എത്ര കൊടുത്തു? അതിനും കണക്കില്ല. പഴന്തുണിക്കെട്ട് നിറച്ച വണ്ടിയുമായി ലാത്തൂരിലേക്ക് പോകാൻ ഉപദേശിമാരുടെ തിക്കും തിരക്കുമായിരുന്നു. കൂടെ കൊണ്ടുപോയില്ലെങ്കിൽ വണ്ടിയിൽ ചാടിക്കയറും എന്നു വരെ ഒരു ഉപദേശി പ്രഖ്യാപിച്ചു.

ഭൂകമ്പം ഉണ്ടായപ്പോൾ ശാരോൻകാരും പിരിവ് നടത്തി. എത്ര ലക്ഷം കിട്ടിയെന്ന് ആർക്കും അറിഞ്ഞുകൂടാ. കിട്ടിയതത്രയും പാസ്റ്റർ കരിമ്പിൻ കാടനും പെണ്ണൂട്ടിയും ചേർന്ന് വിഴുങ്ങി.

ഭൂകമ്പം കഴിഞ്ഞ് രണ്ടു വർഷം കഴിഞ്ഞിട്ടും പണം കൊടുക്കുന്നില്ല എന്നു കണ്ടപ്പോൾ റ്റി.എസ്.ബാലൻ പത്തനംതിട്ട ജില്ലാ കലക്ടർക്ക് പരാതി കൊടുത്തു. അന്വേഷണം വന്നപ്പോൾ ചെറിയൊരു തുക പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ സന്നിധിയിൽ അടച്ച് തടിതപ്പി.

കടൽക്ഷോഭ ദുരന്തത്തിന് ഇരയായവരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. പക്ഷേ, പണം പെന്തക്കോസ്ത് നേതാക്കന്മാരുടെ കയ്യിൽ ഏൽപ്പിച്ചാൽ ഈ നേതാക്കന്മാരുടെ ദുരിതത്തിനേ ആശ്വാസം ഉണ്ടാകയുള്ളൂ. അതുകൊണ്ട് സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്നവർ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അടയ്ക്കയാവും നല്ലത്.

(പേജ് 7 തുടർച്ച... വിജയിക്കാൻ..)

ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. "ഇന്ന് ഒരു മോശം ദിവസമാണ്'"എന്ന് സ്വയം പറഞ്ഞു നോക്കൂ. ഉടൻ നിങ്ങൾ അതിന് ഉപോത്ബലകമായ തെളിവുകൾ കണ്ടെത്തും. ഇന്ന് ചൂടാണ്, അല്ലെങ്കിൽ തണുപ്പാണ്, ഇന്ന് ഒന്നും നടക്കില്ല, ബിസിനസ്സ് മോശമായിരിക്കും, നഷ്ടമേ വരൂ തുടങ്ങി പലവിധ ചിന്തകൾ ഉണ്ടാകും. ചുരുക്കത്തിൽ, ഏതാനും നിമിഷങ്ങൾക്കകം ആ ദിവസം മഹാമോശമാണെന്ന് നിങ്ങൾ കാര്യകാരണ സഹിതം കണ്ടെത്തിക്കഴിഞ്ഞിരിക്കും.

എന്നാൽ നേരെ മറിച്ച് "ഇന്നൊരു നല്ല ദിവസമാണ്" എന്ന് സ്വയം പറഞ്ഞുനോക്കൂ. ഉടൻതന്നെ ആ ദിവസത്തിൻെറ ഗുണങ്ങൾ നിങ്ങൾ കണ്ടെത്തും. കാലാവസ്ഥ വളരെ നല്ലതാണ്, ജോലി ചെയ്യാൻ പറ്റിയ ദിവസമാണ്, ഇന്ന് തൊടുന്നതെല്ലാം ലാഭമായിരിക്കും, അങ്ങനെ പലതും നിങ്ങൾ കണ്ടെത്തും.

പരാജയം മോശമായതെല്ലാം നിരത്തിവച്ച് വാദിക്കുമ്പോൾ വിജയം നല്ലതെല്ലാം ചൂണ്ടിക്കാട്ടി നിങ്ങളെ ഉത്സാഹിയാക്കും. ഈ ജോലിക്കാരിൽ ആർക്കാണോ നിങ്ങൾ കൂടുതൽ പ്രാധാന്യം നൽകുന്നത്, അയാൾ ശക്തി പ്രാപിക്കും. ഒടുവിൽ അവൻ നിങ്ങളെ നിയന്ത്രിക്കാൻ തുടങ്ങും.

നിങ്ങൾക്ക് വിജയമാണ് ആവശ്യമെങ്കിൽ എത്രയും വേഗം പരാജ യത്തെ നിങ്ങളുടെ ചിന്താഫാക്ടറിയിൽ നിന്ന് പിരിച്ചുവിടുക. പരാജയം എന്ന ജോലിക്കാരനെ നിങ്ങൾക്ക് ആവശ്യമില്ല. അതോടെ വിജയത്തിന് പൂർണ്ണസമയം ജോലി ചെയ്യാൻ അവസരം ലഭിക്കും. അത് നിങ്ങളെ വിജയത്തിലേക്ക് നയിക്കും.

ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. അതിനനു സരിച്ച് വീടുകളും റോഡുകളും വാഹനങ്ങളും തൊഴിൽശാലകളും ഉണ്ടാകുന്നുമുണ്ട്. നമുക്ക് ജീവിത വിജയം നേടാനുള്ള അവസരങ്ങളും അതിന നുസരിച്ച് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഉന്നത നിലവാരം പുലർത്തുന്നവരെ എല്ലാം രംഗങ്ങളിലും ആവശ്യമുണ്ട്. നിങ്ങൾ ആ തരത്തിലുള്ള ഒരാളാണ്. അതുകൊണ്ട് നിങ്ങൾക്ക് ജീവിത വിജയം ഉറപ്പാണ്.

സാമ്പത്തികവളർച്ച എല്ലാവർക്കും നേട്ടം ഉണ്ടാക്കുമെന്ന് പറയാ നാവില്ല. കാരണം, സാമ്പത്തികമായി മുന്നേറിയിട്ടുള്ള രാജ്യങ്ങളിലും ദാരി ദ്രരുണ്ട്. മാത്രമല്ല, ബിസിനസ്സിലും മറ്റും പരാജയപ്പെടാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. എങ്കിലും ശുഭാപ്തി വിശ്വാസമുള്ളവർ പരാജയപ്പെടാനുള്ള സാദ്ധ്യത വിരളമാണ്.

ഈ പുസ്തകം നിങ്ങൾ വായിക്കാൻ തയ്യാറാകുന്നത് നിങ്ങൾ ശുഭാപ്തിവിശ്വാസമുള്ള ആളായതുകൊണ്ടാണ്. അതുകൊണ്ട് നിങ്ങൾ വിജയിക്കും എന്ന് ഉറപ്പിച്ചുകൊള്ളുക.

വിജയത്തിൻെറ വാതിൽ പണ്ടത്തേക്കാൾ അധികം വിശാലമായി തുറന്നു കിടക്കുകയാണ്. ആകയാൽ അകത്തേക്ക് കടന്നുവരിക. ജീവിതവിജയം നേടുന്നവരുടെ കൂട്ടത്തിൽ നിങ്ങളുടെ പേരും ഉണ്ടാകുമെന്ന് ഉറപ്പിച്ചുകൊള്ളുക.

വിശ്വാസമാണ് വിജയത്തിലേക്കുള്ള ആദ്യപടി. അത് ഒഴിവാക്കാനാവില്ല. നിങ്ങൾ തീർച്ചയായും വിജയിക്കും എന്നുള്ള വിശ്വാസം കൂടാതെ മുൻപോട്ടു പോകുവാൻ ആവില്ല.

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-2592249
മൊബൈൽ: 9447414608

## വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം

# ചാവിക്കട

ഫെഡറൽ ബാങ്കിന് എതിർവശം
പെരുമ്പാവൂർ
ഫോൺ: 9447149309
സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ

13 പ്രസംഗങ്ങൾ.
13 മണിക്കൂർ ദൈർഘ്യം

MP 3 ഫോർമാറ്റ്. വില 100 രൂപ മാത്രം
പോസ്റ്റേജ് സൗജന്യം. വില എം.ഒ. അയക്കുക.

കൊറിയർ സർവ്വീസിലൂടെയാണ് സി.ഡി. അയക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുക.

കൂടുതൽ വിവരങ്ങൾക്ക്:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: **0484-2592249,** 9447414608

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan